# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്.എ. ടി.എസ്.ആർ ( പി14)1537/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്.എ. ടി.എസ്.ആർ ( പി14)1537/2023 തീയ്യതി: 04/11/2023

## തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ പി എ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.നിർമ്മൽ.കെ.ജി.,ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു.സി.വി.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സീജോതോമസ്,ഓഡിറ്റർ

ശ്രീമതി.സഫന.എൻ.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം. എസ് മോഹനൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കെ. ഐ അബ്ദുൾ ജലീൽ | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി.രഹന.പി.ആനന്ദ് | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആര്യ കെ. വേണു | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രതി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.അനൂജ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രജിത കെ. ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 30-04-2022 |
| ഡോ. ലെംസി ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-05-2022 | 31-03-2023 |
| ഡോ. സോമസുന്ദരൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ബീന.ജെ.എൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീരഥ | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ശ്രീമതി.ജെസീറ ഹമീദ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അതുല്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രഞ്ജിത്ത് എം. ആർ | വി.ഇ.ഒ,ആല സർക്കിൾ | 01-04-2022 | 16-07-2022 |
| ശ്രീമതി.ശ്രീലക്ഷ്മി.കെ.എസ് | വി.ഇ.ഒ,ആല സർക്കിൾ | 17-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി അൻസു അലക്സ് | വി ഇ ഒ, പനങ്ങാട് സർക്കിൾ | 01-04-2022 | 20-08-2022 |
| ശ്രീ. അഖിൽ എസ് എസ് | വി ഇ ഒ, പനങ്ങാട് സർക്കിൾ | 21-08-2022 | 31-03-2023 |
| ശ്രീമതി അൻസു അലക്സ് | വി ഇ ഒ, വെമ്പലൂർ സർക്കിൾ | 01-04-2022 | 20-08-2022 |
| ശ്രീമതി സെറീന കെ.എച്ച് | വി ഇ ഒ, വെമ്പലൂർ സർക്കിൾ | 21-08-2022 | 31-03-2023 |
| ഡോ.സാന്ദ്ര എം പരമേശ്വരൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 01-06-2022 |
| ഡോ.പ്രീമ പോൾ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 02-06-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. | 1-1-3 |
| 5 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-4 |
| 6 | " Directly Debited By Bank" - കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. | 1-1-5 |
| 7 | "Directly Credited By Bank" -തുക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. | 1-1-6 |
| 8 | വസ്തു നികുതി - വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-8 |
| 10 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-9 |
| 11 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി. | 1-1-11 |
| 13 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | മുൻകൂർതുകകൾ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-13 |
| 15 | Prior Period Income,expenditure -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-15 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-16 |
| 18 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-17 |
| 19 | ഇൻവെസ്റ്റ്മെന്റ് -യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | ബി-17-തത്തുല്യമായ ബാധ്യതാ ശീർഷകം ബി -4 ൽ കാണുന്നില്ല. | 1-1-20 |

| | | |
|---|---|---|
| 22 | ചെലവുകൾ തുല്യമായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല | 1-1-21 |
| 23 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-22 |
| 24 | LGTSB-OWN FUND അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് | 1-1-23 |
| 25 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-24 |
| 26 | NREGS -ക്യാഷ് ബുക്ക് ഹാജരാക്കിയില്ല. | 1-1-25 |
| 27 | Income And Expenditure Account പ്രകാരം മിച്ചതുക (Net Deficit)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-26 |
| 28 | ബജറ്റ് | 1-2 |
| 29 | ഫണ്ട് വിനിയോഗം | 1-3 |
| 30 | പദ്ധതി അവലോകനം | 1-4 |
| 31 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 32 | ക്ഷേമപെൻഷനുകൾ | 1-6 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 34 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 35 | തനത് വരുമാനം - പൊതു അവലോകനം | 1-9 |
| 36 | രസീത് പരിപാലനത്തിലെ അപാകതകൾ | 1-10 |
| 37 | തൊഴിൽ നികുതി - അപാകങ്ങൾ | 1-11 |
| 38 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 39 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല | 1-13 |
| 40 | ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 1-14 |
| 41 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-15 |
| 42 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-16 |
| 43 | വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-17 |
| 44 | കെട്ടിടത്തിന് ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ അടിസ്ഥാന നികുതി ഈടാക്കുന്നു | 1-18 |
| 45 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-19 |
| 46 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല | 1-20 |
| 47 | പെർമിറ്റ് പരിശോധനയിലെ പരിമിതികൾ | 1-21 |
| 48 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-22 |
| 49 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-23 |

| | | |
|---|---|---|
| 50 | ഷോപ്പിംഗ് കോംപ്ലക്സ് റൂം വാടകയ്ക്കെടുത്തവർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-24 |
| 51 | ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 52 | പാലിന് അധിക സബ്സിഡി അനുവദിച്ചു | 1-26 |
| 53 | ബാലസഭ:അധികതുക നൽകിയ 19000/-തടസ്സപ്പെടുത്തുന്നു. | 1-27 |
| 54 | ഗ്രാമപഞ്ചായത്തിന്റെ റോഡ് ഭാഗങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് -വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല | 1-28 |
| 55 | ഗ്രാമപഞ്ചായത്ത് വസ്തുവകകളുടെ ആധാരം പരിശോധനക്ക്, ലഭ്യമാക്കിയിട്ടില്ല | 1-29 |
| 56 | യഥാസമയം മൂല്യനിർണയം നടത്തുകയോ ലേലനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല -7548.22 ഘനമീറ്റർ മണ്ണ് നഷ്ടപ്പെട്ടു. | 1-30 |
| 57 | നിരോധിച്ച പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടിച്ചെടുത്തത്- ക്ലീൻ കേരള മിഷന് കൈമാറി വിവരമറിയിക്കേണ്ടതാണ്,ഫൈൻ ഈടാക്കിയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ് | 1-31 |
| 58 | കോൺഫറൻസ് ഹാളിലെ പ്ലാറ്റ്ഫോമിൽ പതിച്ച ടൈലുകൾ ഇളകുന്നത് -എത്രയും വേഗം തകരാർ പരിഹരിക്കേണ്ടതാണ് | 1-32 |
| 59 | ഹരിത കർമ്മസേനയ്ക്ക് വാഹനം:245382/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 60 | സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-34 |
| 61 | തൊഴിലുറപ്പുപദ്ധതി-സിമന്റ്, ക്വാറി മക്ക് എന്നിവക്ക് ഉയർന്ന നിരക്ക് | 1-35 |
| 62 | മസ്റ്റർ റോളിൽ ഒപ്പ് / വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളികളുടെ വേതനം കൈപ്പറ്റി | 1-36 |
| 63 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-37 |
| 64 | പ്രോജക്ട് അടങ്കലിനേക്കാൾ അധികമായി ചെലവഴിച്ച തുക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-38 |
| 65 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-39 |
| 66 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-40 |
| 67 | HMC കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | 1-41 |
| 68 | മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല | 1-42 |
| 69 | അഗതിരഹിത കേരളം പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-43 |
| 70 | എസ്.സി കോളനിയിലേയ്ക്ക് സോളാർ ഊർജ്ജം പദ്ധതി:വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-44 |

| | | |
|---|---|---|
| 71 | വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-45 |
| 72 | വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-46 |
| 73 | പ്രധാന അദ്ധ്യാപിക നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ | 1-47 |
| 74 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളികളുടെ വേതനം കൈപ്പറ്റി | 3-1 |
| 2 | പാലിന് അധികം സബ്സിഡി അനുവദിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.06.2023 ലെ 2/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 24.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 04.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങളെ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 11/8.8.2023)

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4035019 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -9069907 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 11/8.8.2023)

### 1-1-3 " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| HDFC (50100407700226) | 01 | 31.03.2022 | 29971 |

### 1-1-4 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

SBI(67381923153) ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം 113000 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-5 " Directly Debited By Bank" - കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 ലെ റീകൺസിലിയേഷൻ പത്രികയിൽ "Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| HDFC (50100407700226) | 20.12.2022 | 15340 |
| LGTSB (799013000001031) | 30.11.2022 | 72 |
| PFSCB OWN FUND (0100220009391) | 01.12.2022 | 62648 |
| SBI(67381923153) | 31.03.2022 | 646 |
| SBI(67381923153) | 28.07.2022 | 3212 |
| ആകെ | | 81918 |

### 1-1-6 “Directly Credited By Bank” -തുക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

“Directly Credited By Bank” എന്ന ഇനത്തിൽ താഴെ പറയുന്ന തുകകൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| HDFC (50100485325394) | 20.12.2022 | 1152 |
| HDFC (50100485325394) | 31.10.2022 | 57 |
| SBI(67381923153) | 27.09.2022 | 1250 |
| SBI(67381923153) | 31.03.2021 | 26607 |
| SBI(67381923153) | 30.04.2022 | 4220 |
| SBI(67381923153) | 31.03.2022 | 2516 |
| SBI(67381923153) | 25.04.2022 | 2500 |
| SBI(67381923153) | 28.05.2022 | 8630 |
| SBI(67381923153) | 28.06.2022 | 1124 |
| SBI(67381923153) | 28.05.2022 | 273 |
| SBI(67381923153) | 28.06.2022 | 273 |
| SBI(67381923153) | 18.08.2022 | 1250 |
| SBI(67381923153) | 28.09.2022 | 256 |
| SBI(67381923153) | 28.09.2022 | 2168 |
| SBI(67381923153) | 28.09.2022 | 258 |
| SBI(67381923153) | 25.04.2022 | 5000 |
| | ആകെ | 57534 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-1-7 വസ്തു നികുതി - വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1) വസ്തുനികുതി റെസിഡൻഷ്യൽ – തൻവർഷം

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4486868 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4474504 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

2)വസ്തുനികുതി നോൺ – റെസിഡൻഷ്യൽ തൻവർഷം

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2623541 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2607870 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

3)വസ്തുനികുതി കുടിശ്ശിക റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 148830 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *130885 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (44319+93110=137429/105*100) |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാൻഡും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരമുള്ള ഡിമാൻഡും പൊരുത്തപ്പെടുന്നില്ല.

4)വസ്തുനികുതി കുടിശ്ശിക നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1085577 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1185812 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(659065+586038=1245103/105*100) |

## 1-1-8 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.

| | | ഡിമാന്റ് | | | കളക്ഷൻ | | | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 230808 | 7570 | 238378 | 227606 | 3038 | 230644 | | 3300 | 4504 | 7804 |
| | നോൺ- | 161759 | 54337 | 216096 | 132084 | 4564 | 136648 | | 29189 | 49771 | 78960 |

| | | | | | |
|---|---|---|---|---|---|
| | റെസിഡൻഷ്യൽ | | | | |
| | ആകെ | 454474 | 367292 | | 86764 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 461815 | 366005 | 375051 | 86764 |
| | | 65966+395849 = (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies...... ലെഡ്ജർ 2022-23) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | (431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 366005 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 367292 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 375051 രൂപയാണ്. (വൗച്ചർ 42100939 തീ 31-03-2023, 42100940 തീ.31-03-2023, 42100941 തീ.31-03-2023, 42100943 തീ.31.03.2023, 42100948 തീ.31-03-2023 (5,009+3,038+4,564+228,301+134,139=375051))

## 1-1-9 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 314413 | 328713 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 256031 | 268684 |

## 1-1-10 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

01/04/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ്

എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ 348 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2023 തീയതിയിൽ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-11 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് 31.03.23ൽ രേഖപ്പെടുത്തിയതായി കാണുന്നു. ലഭിച്ച കളക്ഷന് അനുസൃതമായി വർഷാന്ത്യത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (വാടക കെട്ടിടങ്ങൾ) | 130100101-Rent From Building | 1534457 | 31.03.2023 | 42201242 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-12 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ലൈസൻസ് ഫീ ഫോർ ഫാക്ടറീസ് ട്രേഡേഴ്സ്, എന്റർപ്രനേഴ്സ് & അദർ സർവ്വീസസ്

4.വാടക ഡിമാന്റ് രജിസ്റ്റർ

5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

8. ലൈവ്സ്റ്റോക്ക് രജിസ്റ്റർ

## 1-1-13 മുൻകൂർതുകകൾ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/prof /Traders | 286700 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterprenuers And Other Services | 127100 |

## 1-1-14 Prior Period Income,expenditure -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income" ,"190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ I-18) | 31/03/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600499-Prior Period Expenses -Remission And Refund – Other Incomes | 202 |
| 290800201-Prior Period Expenses-Administrative Expenses | -138190 |

| | |
|---|---|
| 290800701-Prior Period Expenses -Miscellaneous Expenses | -2932967 |
| 190100101-Prior Period Income-Property Tax | -104637 |

## 1-1-15 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-17 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-18 ഇൻവെസ്റ്റ്മെന്റ് -യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.

നാട്ടിക ഫർക്ക കോപ്പറേറ്റിവ് ബാങ്കിലെ 1727350 രൂപയുടെ നിക്ഷേപത്തിന്റെ പലിശ തുകയായ 116596 രൂപ ഉൾപ്പെടുത്താതെയാണ് ഇൻവെസ്റ്റ്മെന്റിന്റെ നീക്കിയിരിപ്പ് കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത തുക ഉൾപ്പെടുത്തുമ്പോൾ 31.03.2023 ലെ യഥാർത്ഥ ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് 35679869 രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 എന്നിവ പ്രകാരമുള്ള 31.03.2023 ലെ ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് 35563273 രൂപയാണ്.

## 1-1-19 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളുടെ 31/3/23 ൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1. | 320100139 | National Health | 506305 | 450210101 | Canara Health Grant (110043201435) | 189241 |

| | | | | | | |
|---|---|---|---|---|---|---|
| | | Mission | | 450210101 | Canara Bank Health Grant (110043202601) | 187641 |
| 2. | 320200104 | Development Fund CFC Grant- Basic | 7535538 | 450210101 | HDFC (50100407700226) | 11480018 |
| 3. | 320200113 | Development Fund CFC Grant- Tied | 3029412 | | | |

## 1-1-20 ബി-17-തത്തുല്യമായ ബാധ്യതാ ശീർഷകം ബി -4 ൽ കാണുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1. | 450210101 | Nationalised Bank Account For Revenue Fund | 29971 |
| 2. | 450210101 | HDFC BANK(50100485325394) | 1441305 |
| 3. | 450210101 | IDBI BIODIVERSITY MANAGEMENT FUND | 530000 |
| 4. | 450210101 | HDFC DCC DONATION(50100407699551) | 4434 |

## 1-1-21 ചെലവുകൾ തുല്യമായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല

1.താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | S0002/23 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 42200870/ 10.01.2023 | 284120 | 415100001 – Streetlights- Line Extension For Existing Street Lights | 460 ൽ തുടങ്ങുന്ന ഉചിതമായ ശീർഷകം |

2. താഴെ ചേർത്തിരിക്കുന്ന മരുന്ന് വാങ്ങുന്ന പ്രവൃത്തിക്കായി മുൻകൂർ തുക നൽകുമ്പോൾ " 460........ –" ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.

ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | S00019/23 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് | 42201279/ 10.04.2022 | 300,000.00 | 251110208 – Medical Institution- Homoeo- Purchase Of Medcines In Health Institutions | 460 ൽ തുടങ്ങുന്ന ഉചിതമായ ശീർഷകം |

## 1-1-22 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1. | SUB TREASURY- 135 (450210201) | 799013100000135 | MAY 2022 – MARCH 2023 |
| 2. | IDBI BIODIVERSITY(450210101) | 0269104000240789 | APRIL 2022- MARCH 2023 |
| 3. | NATIONALISED BANK A/C OWN REVENUE FUND | ലഭ്യമല്ല | APRIL 2022- MARCH 2023 |

## 1-1-23 LGTSB-OWN FUND അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം LGTSB-OWN FUND(799013000001031) അക്കൗണ്ടിന്റെ ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് -188460 ആണ്. 31.03.2023 ലെ വൗച്ചർ നം.22201424 പ്രകാരം 2682132 രൂപ ബാങ്ക് റിഡംപ്ഷൻ ആയി സർക്കാരിലേക്ക് അടവായതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

## 1-1-24 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-25 NREGS -ക്യാഷ് ബുക്ക് ഹാജരാക്കിയില്ല.

NREGS വരവ് – ചെലവുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയത് പരിശോധിക്കാൻ കഴിഞ്ഞില്ല. (ഓഡിറ്റ് എൻക്വയറി നം.11/08.08.2023)

## 1-1-26 Income And Expenditure Account പ്രകാരം മിച്ചതുക (Net Deficit)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Deficit) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 202591124 |
| ആകെ ചെലവ് (B) | | 220920617 |
| മിച്ചം തുക C= A-B | | -18329493 |
| Prior Period Income | 158971 | |
| Prior Period Expenditure | -3249970 | |
| Net Difference Between Prior Period Income And Expenses ( D ) | | 3408941 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -14920552 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -18329493 ൽ നിന്നും -3090999 കുറച്ചപ്പോൾ ലഭിച്ച -15238494 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ -14920552 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 5021044 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -14920552 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -9899508 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 158971 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

## 1-2 ബജറ്റ്

ബജറ്റ് / റിവൈസ്ഡ്ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 17.02.2021 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 310132395 | 305371916 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br><br>റിവൈസ്ഡ് ബജറ്റ് | 4.03.2022 | |
| കമ്മിറ്റി തീരുമാനം | 2 (14) | |

| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
|---|---|---|
| | 283711797 | 281436020 |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

1) ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

2) സ.ഉ (ആർ.റ്റി) 3291/16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം ഭരണസമിതി നടത്തിയിട്ടില്ല.

3) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 0 | 34862000 | 34862000 | 33031518 | 1830482 |
| വികസനഫണ്ട്-എസ് സി പി | | 0 | 12142000 | 12142000 | 11017031 | 1124969 |
| വികസനഫണ്ട്-ടി എസ് പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | | 0 | 12501000 | 12501000 | 2564611 | 9936389 |
| മെയിന്റനൻസ്-നോൺറോഡ് | | 0 | 9701000 | 9701000 | 9011458 | 689542 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | ബാങ്ക് | 0 | 8494000 | 8494000 | 5464588 | 3029412 |
| | ട്രഷറി | 0 | 788814 | 788814 | 0 | 788814 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ബേസിക് | ബാങ്ക് | 325016 | 9945106 | 10270122 | 2734584 | 7535538 |
| | ട്രഷറി | 0 | 225041 | 225041 | 0 | 225041 |
| ICPS | | 0 | 3280913 | 3280913 | 379078 | 2901835 |
| MGNREGS | | 42 | 394815 | 394857 | 392606 | 2251 |
| NHM | | 0 | 506305 | 506305 | 0 | 506305 |
| Rural Housing | | 1095000 | 0 | 1095000 | 0 | 1095000 |
| TSC | | 2376028 | 28000 | 2404028 | 509658 | 1894370 |
| Pandemic Control | | 577719 | 0 | 577719 | 0 | 577719 |

| | | | | | |
|---|---|---|---|---|---|
| Suchita Mission | 200698 | 0 | 200698 | 180014 | 20684 |
| Funds For Transferred Institution-others | 400 | 530000 | 530400 | 0 | 530400 |
| Funds For Transferred Institution-Homeopathy | 0 | 450000 | 450000 | 0 | 450000 |
| Grants &Funds-other Govt. Agencies | 194712 | 0 | 194712 | 0 | 194712 |
| Grants &Funds-other Financial Institution | 11314 | 0 | 11314 | 0 | 11314 |

ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്തപക്ഷം ഉറവിടത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 229 | 154438711 | 161 | 83095420 | 53.80 | 70.31 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 42 | 394815 | 394857 | 392606 | 2251 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 39832192 | 39832192 | 39832192 | 0 |
| മെറ്റിരീയൽ കോസ്റ്റ് | - | 939808 | 939808 | 939808 | - |
| ആകെ | 42 | 41166815 | 41166857 | 41164606 | 2251 |

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 3 | 4320 |
| കർഷകതൊഴിലാളി പെൻഷൻ | 260 | 2812200 |
| വിധവാപെൻഷൻ | 1913 | 20036800 |
| വാർദ്ധക്യകാലപെൻഷൻ | 3597 | 36491400 |
| വികലാംഗപെൻഷൻ | 509 | 5550700 |
| അവിവാഹിത പെൻഷൻ | 114 | 1194400 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 5 | 150000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2023 തീയതിയിൽ 03.50 PM ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8857/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തനത് വരുമാനം - പൊതു അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി 2022-23 സാമ്പത്തിക വർഷം ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക തുക, അടയ്ക്കേണ്ട തിയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ ഡിമാന്റ് നോട്ടീസ് സി.ഡി.എസ് ചെയർപേഴ്സൺ വഴി കുടുംബശ്രീ അംഗങ്ങൾ വിതരണം ചെയ്തു. മാർച്ച് മാസത്തിൽ വാർഡ് ക്ലർക്കുമാർ വിവിധ സ്ഥലങ്ങളിൽ ക്യാമ്പ് സംഘടിപ്പിച്ച് കളക്ഷൻ നടത്തി. കൂടാതെ ഡോർ ടു ഡോർ കളക്ഷനും വാർഡ് മെമ്പർമാരുടെ സഹായത്തോടെ നികുതി പിരിവും നടത്തി. 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും, വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല.

വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകളുടെ കരട് താത്ക്കാലികമായി നിശ്ചയിച്ച് ഭരണസമിതിയുടെ 19.05.2023ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. നിരക്കുകൾ, റോഡുകളുടെ തരംതിരിവ്, മേഖല തരംതിരിവ് എന്നിവ നോട്ടീസ് ബോർഡ്, ദിനപത്രം മുതലായവയിലൂടെ ആക്ഷേപം ക്ഷണിച്ച് പരസ്യപ്പെടുത്തുകയും ആയതിൻമേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിക്കാത്തതിനാൽ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 10.08.2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുള്ളതാണ്.

2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. എങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കുന്നില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത

മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇന്റലിജന്റ് പഞ്ചായത്ത് എന്ന പ്രൊജക്ടിന്റെ ഭാഗമായി ദൃഷ്ടി ആപ്ലിക്കേഷൻ വഴിയാണ് റോഡ് മാപ്പ് അപ്ഡേറ്റ് ചെയ്തിരിക്കുന്നത്. തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പരുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനുമതി നല്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ഒരു ടർഫ് കോർട്ട് ഉണ്ട്. എന്നാൽ ടർഫ് കോർട്ടിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല. നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകളെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ക്ഷീരസഹകരണ സംഘങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ പഞ്ചായത്തിന്റെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന-

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. പഞ്ചായത്തിന് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നും വാടകയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്.

3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-10 രസീത് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ - 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ

A) വി ഇ ഒ ക്ക് നല്കിയ രസീതു ബുക്ക് നം. 13093, രസീത് നം.19 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ശേഷമുള്ള ലീഫുകൾ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ പുതിയ രസീതു ബുക്ക് നം.13094, 13095 എന്നിവ ഇഷ്യൂ ചെയ്തു.

B) വെറ്റിനറി സർജന് നല്കിയ രസീതു ബുക്ക് നം.13090, രസീത് നം. 67 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ശേഷമുള്ള ലീഫുകൾ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ പുതിയ രസീതു ബുക്ക് നം.13091, 13092 ഇഷ്യൂ ചെയ്തു.

എന്നാൽ 2022-23 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത 13091, 13092 നം. രസീതു ബുക്കുകൾ നാളിതു വരെ ഉപയോഗിച്ചിട്ടില്ല. രസീതുകൾ ക്യാൻസൽ ചെയ്യുകയോ രസീതു ബുക്കുകൾ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയോ ചെയ്യാതെ കൈവശം വച്ചിരിക്കുന്നു.

2) രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല

ഉദാ :- 13084/1-23

3)രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രസീത് ബുക്ക് 13084 , രസീത് നം. 94

രസീത് ബുക്ക് 13083 , രസീത് നം. 73

രസീത് ബുക്ക് 13099 , രസീത് നം. 83

രസീത് ബുക്ക് 13085 , രസീത് നം. 73, 100

രസീത് ബുക്ക് 23576 , രസീത് നം. 02

രസീത് ബുക്ക് 13100 , രസീത് നം. 39

രസീത് ബുക്ക് 13095 , രസീത് നം. 30,31

4)രസീത് ബുക്കിലെ ബാക്കി വന്നിട്ടുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 23575, രസീത് നം.90 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 13100, രസീത് നം.47 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 13093, രസീത് നം.19 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല

രസീത് ബുക്ക് 13095, രസീത് നം.51 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 13090 , രസീത് നം.67 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 13082, രസീത് നം.15 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

5)വി ഇ ഒ ക്ക് നൽകിയ രസീത് ബുക്ക് നം, 13094, 13093 (രസീത് നം. 1 മുതൽ 8വരെ, 14 മുതൽ 19വരെ), 13095 (രസീതു നം. 1 മുതൽ 51 വരെ) ഡ്യൂപ്ലിക്കേറ്റ് രസീതല്ല അസ്സൽ രസീതുകളാണ് പാർട്ടിക്ക് നല്കിയിട്ടുള്ളത്. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20)

6)വി ഇ ഒ യുടെ രസീത് ബുക്ക് പ്രകാരം താഴെ പറയുന്നവരുടെ ഗുണഭോക്തൃവിഹിതം 202 രൂപ രണ്ട് തവണ

ഈടാക്കിയിട്ടുണ്ടെങ്കിലും ഒരു തവണ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

ശ്രീജ കണിയത്ത് (രസീത് നം. 13095/33, 13093/14).

അമ്പിളി മുല്ലശ്ശേരി (രസീത് നം. 13095/34, 13093/15)

അധികം വാങ്ങിയ തുക അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.44/11.08.2023)

## 1-11 തൊഴിൽ നികുതി - അപാകങ്ങൾ

1.താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | നീതു ശ്രീനിവാസൻ (PRT) | ശ്രീ സായി വിദ്യാഭവൻ | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| | | | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 2 | ഷഫ്ന (PRT) | ശ്രീ സായി വിദ്യാഭവൻ | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| | | | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 3 | ശ്രീലക്ഷ്മി (PRT) | ശ്രീ സായി വിദ്യാഭവൻ | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| | | | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 4 | സേതുലക്ഷ്മി (PRT) | ശ്രീ സായി വിദ്യാഭവൻ | ഒന്നാം അർദ്ധവർഷം | 63000 | 600 | 450 | 150 |
| | | | രണ്ടാം അർദ്ധവർഷം | 63000 | 600 | 450 | 150 |
| 5 | സീബ (യോഗ) | ശ്രീ സായി വിദ്യാഭവൻ | ഒന്നാം അർദ്ധവർഷം | 61800 | 600 | 450 | 150 |
| | | | രണ്ടാം അർദ്ധവർഷം | 61800 | 600 | 450 | 150 |
| 6 | അനൂപ് | AR EXPORTERS | ഒന്നാം അർദ്ധവർഷം | 90000 | 750 | 120 | 630 |
| 7 | സന്തോഷ് | AR EXPORTERS | ഒന്നാം അർദ്ധവർഷം | 72000 | 600 | 120 | 480 |

2)സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല.

3)സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല. ഓരോ വർഷവും കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെയും വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ

ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.27/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.രഞ്ജിത്ത് ടി.

2.ശ്രീരാജ് ടി.

3.സിഹാസ് ടി.എം.

4.സത്യൻ കെ.ബി.

5.സജീവൻ പി.എ.

6.ഉണ്ണികൃഷ്ണൻ കെ.കെ.

7.രാജീവ് വി.ഡി.

8.മുരളി കെ.കെ.

9.മുഹമ്മദ് സഗീർ പി.എ.

10അസ്ഹർ കെ.എ.

11.സചിൽ എം.എസ്.

12.ശിവദാസൻ എം.എസ്.

13.രാഹുൽ സി.ആർ.

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.27/09.08.2023)

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ | സ്ഥാപനത്തിന്റെ | ഉടമസ്ഥന്റെ | ലൈസൻസ് | അപേക്ഷ | ആവശ്യമായ |
|---|---|---|---|---|---|

| നം. | പേര് | പേര് വിവരം | | തിയതി | ജോലിക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ജസ് പെയ്ഡ് | റാഫി കെ.എ. | 2022-23 പുതുക്കൽ | 02.08.2022 | 8 |
| 2 | ഫോറ ട്രേഡിംഗ് കോർപ്പറേഷൻ | ഹക്കീം പി.എ. | 2022-23 പുതുക്കൽ | 04.04.2022 | 6 |
| 3 | ആൽഫ ഏജൻസീസ് | ജിനേഷ് കെ.വി. | 2022-23 പുതുക്കൽ | 13.04.2022 | 6 |
| 4 | കൈരളി ഫുഡ് പ്രൊഡക്ട്സ് | ഫാത്തിമ അഷറഫ് | 2022-23 പുതുക്കൽ | 30.04.2022 | 6 |
| 5 | ചാപ്പ സ്വീറ്റ് ഫുഡ് മെയ്ക്കേഴ്സ് & കാറ്ററേഴ്സ് | നൗഷാദ് കെ.എ. | 2022-23 പുതുക്കൽ | 27.05.2022 | 5 |
| 6 | ഹോട്ടൽ അറേബ്യൻ ടേസ്റ്റ് | മുഹമ്മദ് ഹബീബ് ടി.എ. | 2022-23 പുതുക്കൽ | 28.05.2022 | 5 |
| 7 | പ്രകൃതി അഗ്രോ ഫുഡ്സ് | സുനിൽകുമാർ കെ.എ. | 2022-23 പുതുക്കൽ | 01.06.2022 | 5 |
| 8 | കൃഷ്ണ സോഫ്റ്റ് ഡ്രിങ്ക്സ് | രമേഷ്ബാബു കെ.കെ | 2022-23 പുതുക്കൽ | 04.06.2022 | 5 |
| 9 | ഹ്യൂസ് & വ്യൂസ് | ജിഷ്ണു. വി.ജി | 2022-23 പുതിയ ലൈസൻസ് | 12.10.2022 | 7 |
| 10 | റുബിയാൻ റസ്റ്റോറന്റ് | ഷിയാദ് പി.എ. | 2022-23 പുതിയ ലൈസൻസ് | 09.11.2022 | 8 |
| 11 | രിഹാ കെമിക്കൽസ് | ഷാജഹാൻ | 2022-23 പുതിയ ലൈസൻസ് | 23.11.2022 | 5 |
| 12 | ഹോപ്സ് ബേക്കറി | സുബ്രഹ്മണ്യൻ വി.ആർ. | 2022-23 പുതിയ ലൈസൻസ് | 08.12.2022 | 6 |
| 13 | ഗ്രീഷ്മ ഫ്ലോർ & ഓയിൽ മിൽ | ഗീത വി.ആർ. | 2023-24 പുതുക്കൽ | 07.02.2023 | 10 |
| 14 | ഗോൾഡൻ പ്ലാറ്റർ കഫെ | സിബിൻ ടി.എസ്. | 2023-24 പുതുക്കൽ | 08.02.2023 | 8 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 27/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 1-14 ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1)

പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(2) ആട് ഫാം : 20 മൃഗങ്ങൾ

(3) പന്നി ഫാം : 5 മൃഗങ്ങൾ

(4) മുയൽ ഫാം : 25 മൃഗങ്ങൾ

(5) പൗൾട്രി ഫാം : 100 പക്ഷികൾ

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ 3 ലൈവ്സ്റ്റോക്ക്/ പൗൾട്രി ഫാമുകൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത ഫാമുകൾക്കു (XVIII/561/B, XX/195/A, IV/196/A) പുറമെ ലൈസൻസ് എടുക്കാത്ത മറ്റു ഫാമുകൾ കൂടി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | ശ്രീനിവാസൻ | I/419 | 196.1 | കോഴി വളർത്തൽ ഷെഡ് |
| 2. | രഞ്ജിത്ത് | IV/344A | 172 | കോഴി വളർത്തൽ ഷെഡ് |
| 3. | സുധാകരൻ | V/23/B | 115 | കോഴി വളർത്തൽ ഷെഡ് |
| 4. | അബ്ദുൾ നാസർ | VI/427/A | 96 | കോഴി വളർത്തൽ ഷെഡ് |
| 5. | ശ്രീജിത്ത് കുമാർ, കുമാരൻ | XII/257/A | 170 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 6. | ശങ്കരനാരായണൻ | XVI/238/A | 100 | കോഴി വളർത്തൽ ഷെഡ് |
| 7. | ഷെൽബി, ലീന | XXI/591 | 95.85 | കോഴി വളർത്തൽ ഷെഡ് |
| 8. | മുബാറക് | XXI/593/A | 222.95 | കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നത് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.34/11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക്/കോഴിവളർത്തൽ ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി ചട്ടപ്രകാരം ലൈസൻസ്

എടുക്കേണ്ട സ്ഥാപനങ്ങളാണോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്ന പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-15 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധനയിൽ വാർഡ് നം. VIIകെട്ടിട നം. 302-A ആയിട്ടുള്ള എയർസെൽ മൊബൈൽ ടവർ ( 36 $M^2$) കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2018 ഒന്നാം അർദ്ധവർഷം മുതൽ നാളിതു വരെ കുടിശ്ശിക വന്നിട്ടുള്ള ആകെ തുക 103950/-രൂപയാണ്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 10/02.08.2023).

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തിനികുതി നിർണ്ണയംനടത്തി .

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല | അർഹമായ ഇളവ് (%) |
|---|---|---|---|---|---|---|
| 1 | 1/207 | രാമൻകുട്ടി നെല്ലിപറമ്പിൽ | തെക്കുടൻ ബസാർ ചെറിയ കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | 10% |
| | 1/208 | ബാബു മണ്ടത്തറ | തെക്കുടൻ ബസാർ ചെറിയ കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| 2 | 1/227 | ചന്ദ്രൻ കൈപ്പോത്ത് | കുനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | 10% |
| | 1/228 | കൃഷ്ണൻ മണത്തല | കുനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| 3 | 1/241 | പാഞ്ചാലി എടച്ചാലിൽ | കുനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| | 1/241 | പാഞ്ചാലി എന്ന | കുനിയാറ | 1.5 | ദ്വിതീയം | 10% |

| | | | | | | |
|---|---|---|---|---|---|---|
| | A | ലീല എടച്ചാലിൽ | ഐ.എച്ച്.ഡി.പി കോളനി റോഡ് | മീറ്ററിൽ കൂടുതൽ | | |
| 4 | 1/248 | രാമകൃഷ്ണൻ മാടത്തിങ്കൽ | ക്ലനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| | 1/249 | സെക്രട്ടറി മരണാനന്തര സഹായസമിതി | ക്ലനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | 10% |
| 5 | 1/259 | സെക്രട്ടറി ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | ക്ലനിയാറ കോളനിപ്പടി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം | 20% |
| | 1/259 A | ഷീബ പഴയേടത്ത് | ക്ലനിയാറ കോളനിപ്പടി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| 6 | 1/264 | സെക്രട്ടറി എസ്.എൻ.ഡി.പി. ഓഫീസ് 2276 | ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| | 1/265 | ഓമന മുല്ലങ്ങത്ത് | ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം | 20% |
| 7 | 1/274 | കാർത്ത്യായനി നട്ടുപറമ്പിൽ | ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം | 20% |
| | 1/275 | ഉണ്ണികൃഷ്ണൻ പറപറമ്പിൽ | ടിപ്പുസുൽത്താൻ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| 8 | 1/279 | അനസൂയ തയ്യിൽ | ക്ലനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | 10% |
| | 1/280 | കാഞ്ചന പറപറമ്പിൽ | ക്ലനിയാറ ഐ.എച്ച്.ഡി.പി കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| 9 | 1/294 | ബാബുരാജ് വാഴൂർ | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ത്രിതീയം | 20% |
| | 1/294 | പ്രജിത്ത് | നടപ്പാത | 1.5 | ദ്വിതീയം | 10% |

| | | | | | | |
|---|---|---|---|---|---|---|
| | A | പനങ്ങാട്ട് | | മീറ്ററോ അതിൽ കുറവ് | | |
| 10 | 1/618 J | ബിന്ദു പോക്കാക്കില്ലത്ത് | പോഴങ്കാവ് എം.ഇ.എസ് അസ്മാബി കോളേജ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം | ഇല്ല |
| | 1/619 | വിനോദ് കാരേക്കാട്ട് | പോഴങ്കാവ് എം.ഇ.എസ് അസ്മാബി കോളേജ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| 11 | 2/468 | ജയൻ ഭാര്യ സതി പൊയ്യാറ | കട്ടൻബസാർ കൊച്ചാലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | 10% |
| | 2/468 A | ജയൻ പൊയ്യാറ | കട്ടൻബസാർ കൊച്ചാലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| 12 | 2/473 | ജിഷ വിനോദ് കാരേപറമ്പിൽ | കട്ടൻബസാർ കൊച്ചാലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം | 10% |
| | 2/473 | കൃഷ്ണകുമാർ കോതാണ്ടിശ്ശേരിൽ | കട്ടൻബസാർ കൊച്ചാലി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം | 20% |
| 13 | 2/554 | വിനയൻ വില്വമംഗലത്ത് | എസ്സ്.എൻ. പുരം പടിഞ്ഞാറെ വെമ്പല്ലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| | 2/555 A | സാജിത്ത് വേഴപ്പിള്ളി | എസ്സ്.എൻ. പുരം പടിഞ്ഞാറെ വെമ്പല്ലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം | ഇല്ല |
| 14 | 3/181 A | ഡെൻസൺ വഞ്ചിപ്പുര | പോഴങ്കാവ് എം.ഇ.എസ് അസ്മാബി കോളേജ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| | 3/181 B | ഡെൻസൺ വഞ്ചിപ്പുര | പോഴങ്കാവ് എം.ഇ.എസ് അസ്മാബി കോളേജ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം | ഇല്ല |
| 15 | 3/242 A | മാധവൻകുട്ടി പതിയാരിൽ | എസ്സ്.എൻ. പുരം പടിഞ്ഞാറെ വെമ്പല്ലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |

| | | | | | | |
|---|---|---|---|---|---|---|
| | 3/242 B | സിജി പാതാട്ട് | എസ്സ്.എൻ. പുരം പടിഞ്ഞാറെ വെമ്പല്ലൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം | ഇല്ല |
| 16 | 3/407 | മുഹമ്മദ് ഹനീഫ പാണ്ടപ്പറമ്പത്ത് | പോഴങ്കാവ് എം.ഇ.എസ് അസ്മാബി കോളേജ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം | 10% |
| | 3/407 A | ആരിഫ കൊല്ലിയിൽ | പോഴങ്കാവ് എം.ഇ.എസ് അസ്മാബി കോളേജ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം | ഇല്ല |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 29/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി എന്നത് പഞ്ചായത്തിന്റെ തനത് വരുമാനമാണ്. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേഖലാനിർണ്ണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 30 രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 50/- രൂപയും ആണ്. 4,7,12 വാർഡുകളിലെ വസ്തു നികുതി അസസ്മെന്റ്, ഡിമാന്റ്, കളക്ഷൻ എന്നിവ രേഖപ്പെടുത്തുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച:മീറ്ററിലും കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 50/- രൂപക്ക് പകരം 30/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥൻ | ആകെ വിസ്തീർണം (ച:മീറ്റർ) |
|---|---|---|---|
| 1 | 4/7 A-D | രാജേശ്വരി കുറ്റിപ്പറമ്പിൽ | 105.7 |
| 2 | 4/74 A-J | രാജൻ തെക്കൂട്ട്കാരയിൽ | 218.6 |
| 3 | 12/299 A-N | ഷക്കീല പറമ്പത്ത്കണ്ടി | 336.81 |
| 4 | 12/400 A-G | ദീപ തുടിയംപറമ്പിൽ | 248 |
| 5 | 7/273 AH, A-D, M-O, W-Z | ഇബ്രാഹിംഹാജി പൊന്നാംപടിക്കൽ | 407.73 |
| 6 | 7/283 A-Q | മുഹമ്മദ് സഗീർ പൊന്നാംപടിക്കൽ | 427.23 |

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.29/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ നികുതി നിർണയം

നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിന് ഇടയുണ്ട്. മാത്രമല്ല പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും കെട്ടിടങ്ങളിൽ ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

## 1-18 കെട്ടിടത്തിന് ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ അടിസ്ഥാന നികുതി ഈടാക്കുന്നു

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 30/- രൂപയും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 50/- രൂപയും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 70/- രൂപയുമാണ് ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വസ്തുനികുതി അസസ്സ്മെന്റ് കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 10 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി 30/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 5/422 | നിഷാസ് പള്ളിപ്പാടത്ത് | 109 |
| 2 | 5/627 | രാജൻ വലിയപറമ്പിൽ | 118 |
| 3 | 6/147 | ബിന്ദു മുതൽ പേർ ശരത്ത്, ശാരി | 150 |
| 4 | 6/384 | പ്രേമൻ.വിശ്വനാഥൻ വലിയപറമ്പിൽ | 371 |
| 5 | 6/389 | സദാനന്ദൻ വലിയപറമ്പിൽ, | 198.48 |
| 6 | 7/29 | ഉമേഷ് വലിയപറമ്പിൽ, | 150 |
| 7 | 7/326 | മുഹമ്മദ്,അബ്ദുൽ റഫീഖ് ഹാജി, അൻവർ നിസാർ ഹാജി | 163.25 |
| 8 | 7/449 | കെ.ആർ. സൈലസ്കുമാർ മാനേജിംഗ് പാർട്ട്ണർ കല്ലട റസിഡൻസി, | 2,515.18 |
| 9 | 7/560 | സജിത്ത് പടിയത്ത് | 351.57 |

| | | | |
|---|---|---|---|
| 10 | 8/399 | രഘുനാഥൻ പെരിങ്ങോത്ര, | 150 |
| 11 | 8/585 A | പ്രമീള മാത്തുരുത്തി | 107.54 |

മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിലൂടെ ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.29/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. മേൽ പട്ടികയിൽ 1 മുതൽ 10 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന വാർഡുകളിൽ ഇപ്രകാരം ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങളുണ്ടെങ്കിൽ ആയവയെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ തനതുവരുമാനമായതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-19 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 12/299 E,F,J,K,L,N,O | ഷക്കീല സഫറലി | 7769,7770,7772,7773,7774,7776,7777/28.09.2022 | 01.04.2022 To 30.09.2022 |

വേക്കൻസി റമിഷനുമായി ബന്ധപ്പെട്ട മുഴുവൻ അപേക്ഷകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.55/11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല

2022-23 വർഷത്തെ ഓഡിറ്റിനായി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക രജിസ്റ്ററും, വാടകക്കാരുമായി കരാർ ഉടമ്പടിയിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നുവെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള വാടക ബൈലോ ഹാജരാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നോ സർക്കാർ അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരം നേടേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി,കൃത്യത, അഡ്വാൻസ്,ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/08.08.2023) മറുപടി ലഭ്യമാക്കുകയോ, ബൈലോ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചട്ടപ്രകാരമുള്ള വാടക ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

## 1-21 പെർമിറ്റ് പരിശോധനയിലെ പരിമിതികൾ

06.04.2022ലെ സ.ഉ(അ)നം.75/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ILGMS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇ-ഫയൽ സംവിധാനം ഉപയോഗിക്കുമ്പോൾ റിപ്പോർട്ട് ഫോറങ്ങൾ ഹാർഡ് കോപ്പിയായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതില്ല എന്ന വ്യക്തമാക്കിയിട്ടുണ്ട്. ശ്രീനാരായണപുരം പഞ്ചായത്തിൽ പെർമിറ്റ് ഫയലുകൾ ഭൗതികമായി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ അപേക്ഷകൻ സമർപ്പിച്ച പ്ലാനും, കൈവശാവകാശ സാക്ഷ്യപത്രവും മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച് പ്രസ്തുത സെക്ഷനോട് വിവരം ആരാഞ്ഞപ്പോൾ പെർമിറ്റുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓൺലൈൻ ആയാണ് കൈകാര്യം ചെയ്യുന്നതെന്നും, എല്ലാം ILGMS ൽ ലഭ്യമാണെന്നും അറിയിച്ചിരുന്നു. എന്നാൽ ILGMS ൽ പരിശോധിച്ചപ്പോൾ ജൂലൈ 2022 മുതൽ പെർമിറ്റ് അനുവദിച്ചതിന്റെ ഫയലുകൾ എല്ലാം ലഭ്യമായിരുന്നു. എന്നാൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ഫയൽ നമ്പറുകൾ ILGMS ൽ ലഭ്യമായിരുന്നുവെങ്കിലും ആയതുമായി ബന്ധപ്പെട്ട ഫയൽ രേഖകളൊന്നും തന്നെ ലഭ്യമല്ലായിരുന്നു. ആയതിനാൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ അനുവദിച്ച പെർമിറ്റുകളുടെ വിവരങ്ങൾ ഒന്നുംതന്നെ പരിശോധിക്കാൻ സാധിച്ചില്ല.

## 1-22 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും പഞ്ചായത്ത് പരിധിയിൽ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്ന് പ്രകാരം ലൈസൻസ് എടുക്കേണ്ടതായ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ക്ഷീരസഹകരണ സംഘങ്ങളുടെ ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. ക്ഷീരവികസന ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം ചുവടെ പറയുന്ന ക്ഷീരസഹകരണ സംഘങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും FTEAOS ലൈസൻസ് രജിസ്റ്റർ പ്രകാരം ആയവ ഒന്നുംതന്നെ ലൈസൻസ് എടുത്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.26/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെപറയുന്ന സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പനങ്ങാട് ക്ഷീരസഹകരണ സംഘം
2. ആമണ്ടൂർ ക്ഷീരസഹകരണ സംഘം
3. വെമ്പല്ലൂർ ക്ഷീരസഹകരണ സംഘം
4. പതിനെട്ടരയാളം ക്ഷീരസഹകരണ സംഘം

2. റേഷൻ കടകളുടെ ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടയ്ക്ക്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിനാൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.26/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിലെ ആകെ റേഷൻ കടകളുടെ എണ്ണം തിട്ടപ്പെടുത്തി ആയവയെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മൽസ്യ വിപണന കടകൾ,മാംസ വിപണന കടകൾ എന്നിവയുടെ ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.45 പ്രകാരം മൽസ്യ സംഭരണ/വിപണന കടകൾ, ക്രമ നം.130 പ്രകാരം കോഴി,പന്നി,ആട് സംഭരണ/വിപണന കടകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. എന്നാൽ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ബിസ്മി ഫിഷ് എന്ന സ്ഥാപനം മാത്രമാണ് ഈ ഗണത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ എത്ര മത്സ്യ, മാംസ വിപണന കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം, പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.26/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഴകിയ മൽസ്യം, മാംസം എന്നിവയുടെ വിപണനം ഒരു സാമൂഹ്യവിപത്തായി നിലനിൽക്കുകയും, ഇത്തരം വിപണനത്തെ കുറിച്ച് ധാരാളം പരാതികൾ ഉയരുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ മൽസ്യ, മാംസ വിപണന കേന്ദ്രങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നില്ല എന്നുറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ കടമയാണ്. ആയതിനാൽ പഞ്ചായത്തിന്റെ വരുമാനം എന്നതിലുപരി സമൂഹത്തിന്റെ നന്മ മുൻനിർത്തി പഞ്ചായത്ത് പരിധിയിലെ മൽസ്യ, മാംസ വിപണന കേന്ദ്രങ്ങളെ കണ്ടെത്തി, ആയവയുടെ എണ്ണം തിട്ടപ്പെടുത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2022-23 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FTEAOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിനാൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് മറുപടി മറുപടി ലഭ്യമാക്കണമെന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.28/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരമറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ

ആശുപത്രികൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനും, ഫീസ് അടയ്ക്കുവാനും പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ലൈസൻസിനോടൊപ്പം തന്നെ പുതുക്കി നൽകാവുന്നതാണ്.

1. ആൽഫ ക്ലിനിക്കൽ ലാബ്
2. കെയർ ഫോർ ഹെൽത്ത് മെഡിക്കൽ ലബോറട്ടറി
3. നീതി ലാബ്, S.N പുരം
4. അശ്വിനി ഹോമിയോ ക്ലിനിക്ക്
5. ഹെൽത്ത് കെയർ ക്ലിനിക്ക് പതിയാശ്ശേരി

## 1-24 ഷോപ്പിംഗ് കോംപ്ലക്സ് റൂം വാടകയ്ക്കെടുത്തവർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

ഓഡിറ്റിന് ഹാജരാക്കിയ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക രജിസ്റ്ററും, FTEAOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ റൂമുകളിലെ ചുവടെ പറയുന്ന വാടകക്കാർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെ ചുവടെ പറയുന്ന റൂമുകൾ വാടകയ്ക്കെടുത്തവർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.33/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതും വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

| ക്രമ നം. | കെട്ടിട നമ്പർ | കൈവശക്കാരൻ |
|---|---|---|
| 1. | 5/468 | അശോകൻ |
| 2. | 5/470 | ജയൻ |
| 3. | 5/476 | രാമനാഥൻ |
| 4. | 5/477 | സുലോചന |
| 5. | 5/481 | രാമൻ |
| 6. | 5/483 | ടി.കെ ധർമപാലൻ |
| 7. | 5/484 | ടി.കെ ധർമപാലൻ |
| 8. | 5/489 | പ്രസിഡണ്ട് മർച്ചന്റ് അസോസിയേഷൻ |
| 9. | 5/490 | ചെറുകിട കച്ചവട അസോസിയേഷൻ |
| 10. | 5/492 | അനിൽകുമാർ |
| 11. | 5/493 | സ്യമന്തകമണി |
| 12. | 5/496 | ഉണ്ണികൃഷ്ണൻ |
| 13. | 5/497 | സുധീരൻ |
| 14. | 5/498 | ദാമോദരൻ |
| 15. | 5/501 | ഗോപിനാഥൻ |
| 16. | 5/502 | ഹരിഹരൻ |
| 17. | 5/503 | ജലജ |

## 1-25 ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

### മരങ്ങൾ/മരക്കൊമ്പുകൾ മുറിച്ചതിലെ തുടർനടപടി

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 22.05.2022 തീയതിയിലെ ചുവടെ പറയുന്ന ഭരണ സമിതി

തീരുമാനങ്ങൾ പ്രകാരം വിവിധ മരങ്ങൾ മുറിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ലേലം രജിസ്റ്റർ പ്രകാരം പ്രസ്തുത മരങ്ങളുടെ ലേലമൊന്നും നടന്നിട്ടില്ല. ആയതിനാൽ താഴെ പറയുന്ന മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കണമെന്ന് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.35/11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| തീരുമാനം നമ്പർ | തീരുമാനം |
|---|---|
| 15(1) വാർഡ് 7 ൽ 34 നമ്പർ | അങ്കണവാടി കോമ്പൗണ്ടിൽ കെട്ടിടത്തിന് അപകടകരമായി നിൽക്കുന്ന രണ്ട് ആഞ്ഞിലി മരങ്ങൾ |
| 15(2) | ശാന്തിപുരം സബ്സെന്റർ കോമ്പൗണ്ടിലെ അടുത്ത വീടിന് അപകടകരമായി വളർന്ന നിൽക്കുന്ന പുളിമരം |
| 15(3) | നാഷണൽ ഹൈവെ വികസനത്തിൻറെ ഭാഗമായി യഥാക്രമം RHS C295, 296 എന്നീ മാർക്കിങ്ങ് നമ്പറുകൾ നൽകി വിലനിർണ്ണയം നടത്തിയിട്ടുള്ള പീലിവാക, കരിശ് |
| 15(4) | അഴീക്കോട് ചാമക്കാല റോഡിൽ CH9/999 ൽ ദുബായ് റോഡിന് സമീപം റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വാക മരം |
| 15(5) | അഴീക്കോട് ചാമക്കാല റോഡിൽ (Ch 10/560) പൊക്ലായി പെട്രോൾ പമ്പിന് വലതുവശത്തായി റീട്ടൈനിംഗ് വാളിന്റെ നിർമ്മാണത്തിന് തടസ്സമാകുന്ന രീതിയിൽ നിൽക്കുന്ന അക്കേഷ്യ മരം |
| 15(8) | ജി.എൽ.പി .എസ് പി.വെമ്പല്ലൂർ കോമ്പൌണ്ടിൽ നിൽക്കുന്ന അക്കേഷ്യ മരങ്ങൾ |
| 15(9) | ജി എൽ പി എസ് പി വെമ്പല്ലൂർ മതിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരം |
| 15(10) | GFLPS, Vekkod സ്കൂൾ മതിൽ, സുനാമി കെട്ടിടം, അടുക്കള എന്നിവയ്ക്ക് ഭീഷണിയായി മാറിയിട്ടുള്ള മഹാഗണി മരങ്ങൾ |
| 15(11) | വാർഡ് 16 ചെറുപുഷ്പം 125-ാം നമ്പർ അങ്കണവാടി കോമ്പൗണ്ടിലെ അപകടകരമായ തേക്ക്, പ്ലാവ്, മാവ് എന്നീ മരങ്ങൾ |
| 15(12) | പി.എച്ച്. സി പി. വെമ്പല്ലൂർ കോമ്പൗണ്ടിൽ ആളുകൾക്കും കെട്ടിടത്തിനും ഭീഷണിയായി നിൽക്കുന്ന വാക മരം |
| 15(13) | വാർഡ് 17 ൽ പതിയാശ്ശേരി പള്ളിക്ക് തെക്ക് ഭാഗം റോഡ് വക്കിൽ നിൽക്കുന്ന തേക്ക് മരം |
| 15(14) | ശാന്തിപുരം ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന മരത്തിൻറെ (മാവ്) കൊമ്പുകൾ വെട്ടി മാറ്റൽ |
| 15(15) | ശ്രീനാരായണപുരം ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന റോഡിലെ അപകടകരമായ വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ച മാറ്റൽ |

## 1-26 പാലിന് അധിക സബ്സിഡി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നം / പേര് | 133/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ)- 600000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 450000/-<br>ആകെ - 1050000/- |
| ചെലവ് | 105000/- |
| വൗച്ചർ നം/ചെക്ക് നം/തിയ്യതി, തുക | 42201320/9.12.22 – 279891/-<br>42201321/9.12.22 – 330624/-<br>42201449/3.2.23 – 263871/-<br>42201455/7.2.23 – 28845/-<br>42201532/14.3.23 – 141264/-<br>42201545/15.3.23 - 5505/- |
| ഓഡിറ്റ് എൻക്വയറി നം/തിയ്യതി | 42/11.08.23 |

ക്ഷീരസഹകരണസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 40000/-രൂപയാണ്. എന്നാൽ ശ്രീനാരായണപുരം ക്ഷീരസഹകരണസംഘത്തിൽ പാൽ നൽകുന്ന മുഹമ്മദ് അഷറഫ്.കെ.കെ എന്ന കർഷകന് താഴെ പറയുന്ന തിയ്യതികളിലായി ആകെ 45384/- രൂപ അനുവദിച്ചിട്ടുണ്ട്.

| തിയ്യതി | തുക |
|---|---|
| 9.12.22 | 13563/- |
| 9.12.22 | 12552/- |
| 3.2.23 | 11880/- |
| 14.3.23 | 1884/- |
| 15.3.23 | 5505/- |
| ആകെ | 45384/- |

അധികം നൽകിയ 5384/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ബാലസഭ:അധികതുക നൽകിയ 19000/-തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ബാലസഭ എന്ന പദ്ധതിയിൽ (നം.116/23) വൗച്ചർ നം.42201485/19.02.2023 പ്രകാരം 40000/- രൂപ കുടുംബശ്രീയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് 1000/- രൂപയാണ് പഞ്ചായത്ത് കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്. മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ട തുക വകയിരുത്തേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്. എന്നാൽ 21 വാർഡ് മാത്രമുള്ള ശ്രീനാരായണപുരം പഞ്ചായത്തിന് 21000/-രൂപ കൈമാറേണ്ടതിനു പകരം 40000/- രൂപ കൈമാറിയിട്ടുണ്ട്. അധികം നൽകിയ 19000/- തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം . 54 /10.08.2023)

## 1-28 ഗ്രാമപഞ്ചായത്തിന്റെ റോഡ് ഭാഗങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് -വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നാഷണൽ ഹൈവേ ഏറ്റെടുക്കുന്നതു സംബന്ധിച്ച് നൽകിയ 5/8/23ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളൊന്നും തന്നെ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്തിട്ടില്ല എന്നാണ് അറിയിച്ചത്.

ഈ ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ള ചില റോഡുകൾ ആരംഭിക്കുന്നത് നാഷണൽ ഹൈവേയിൽ നിന്നുമാണ്. നാഷണൽ ഹൈവേ വികസിപ്പിക്കുമ്പോൾ ഈ റോഡുകളുടെയെല്ലാം ആരംഭഭാഗങ്ങൾ നാഷണൽ ഹൈവേക്ക് വേണ്ടി ഏറ്റെടുത്തേക്കാം. അപ്രകാരം റോഡ് ഭാഗങ്ങൾ നഷ്ടപ്പെടുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾക്ക് മൂല്യശോഷണം സംഭവിക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് ആസ്തികളുടെ സൂക്ഷിപ്പുകാരനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമപഞ്ചായത്തിലെ ലോക്കൽ ഇൻഫ്ര ഡെവലപ്പമെന്റ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗം അസി. എൻജിനീയർ എന്നിവർ ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

2005-ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയ്യൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയ്യൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാര തുക നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുന്ന മേൽവിവരിച്ച ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 4/7/8/23 ).

## 1-29 ഗ്രാമപഞ്ചായത്ത് വസ്തുവകകളുടെ ആധാരം പരിശോധനക്ക്, ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് വക സ്വത്തുകൾക്കെല്ലാം ആധാരങ്ങൾ ഉണ്ടോ എന്നുള്ള 5/8/23 തീയതിയിലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അവയ്ക്കെല്ലാം ആധാരങ്ങൾ ഉണ്ടെന്നുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇതേ തുടർന്ന് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെയും, മാർക്കറ്റ് കെട്ടിടത്തിന്റെയും പട്ടികജാതി സാംസ്കാരികനിലയത്തിന്റെയും ആധാരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 4, 7.8.23 തീയതി പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

ഗ്രാമപഞ്ചായത്തിന്റെ മേൽ സൂചിപ്പിച്ച ആസ്തികൾക്ക് ആധാരം ഉള്ള പക്ഷം ആയത് ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം അവയ്ക്കെല്ലാം കൈവശാവകാശ രേഖ ഉണ്ടെന്ന് സാധൂകരിക്കുന്ന തെളിയിക്കുന്നരേഖകൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 യഥാസമയം മൂല്യനിർണയം നടത്തുകയോ ലേലനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല -7548.22 ഘനമീറ്റർ മണ്ണ് നഷ്ടപ്പെട്ടു.

13/4/22 ന് കൊടുങ്ങല്ലൂരിലുള്ള മൈനർ ഇറിഗേഷൻ സെക്ഷൻ അസി.എൻജിനീയർ വലിയതോട് ഡിസിൽറ്റേഷന്റെ ഭാഗമായി തോട്ടിൽ നിന്നും നീക്കം ചെയ്തതും തോടിന്റെ വശങ്ങളിൽ കൂട്ടിയിരിക്കുന്നതുമായ 8378 ഘനമീറ്റർ മണ്ണ് ലേലനടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു.

തുടർന്ന് 21/4/22 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർക്ക് ആയത് ലേലം ചെയ്യുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് നിർണയിച്ചുതരുന്നതിന് കത്തയച്ചു.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12(8)/20/6/22 നമ്പർ തീരുമാനമനുസരിച്ച് പ്രസ്തുത മണ്ണ് ലേലം

ചെയ്യുന്നതിനുള്ള മൂല്യനിർണയത്തിന് അസി. എൻജിനീയറെ ചുമതലപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മണ്ണിന്റെ മൂല്യനിർണയം സംബന്ധിച്ച് യഥാസമയം നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ കണ്ടില്ല. മണ്ണ് ലേലം ചെയ്യുന്നത് സംബന്ധിച്ച ഫയൽ ലഭ്യമാക്കുന്നതിനായി നമ്പർ 9, തീയതി.8.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

മൈനർ ഇറിഗേഷൻ വകുപ്പ് അസി. എൻജിനീയർ മണ്ണ് ലേലം ചെയ്യുവാനായി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ച് പത്ത് മാസങ്ങൾക്കുശേഷം മാത്രമാണ് 3(1)/23/2/23 ലെ ഭരണസമിതി തീരുമാനമനുസരിച്ച് തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണിന്റെ അളവ് അംഗീകരിക്കുന്നതും ലേലനടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളതുമായി കണ്ടത്.

ഇറിഗേഷൻ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തപരിശോധന നടത്തിയതിന്റെ ഭാഗമായി 829.78 ഘനമീറ്റർ മണൽ ലഭിച്ചു എന്നാണ് ഈ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്, അതായത് 7548.22 ഘനമീറ്റർ [8378 $M^3$-829.78 $M^3$] മണ്ണ് നഷ്ടപ്പെട്ടുപോയി എന്നർത്ഥം. യഥാസമയം മൂല്യനിർണയം നടത്തുവാൻ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ഏറിയ ഭാഗം മണ്ണും മഴയിൽ ഒലിച്ചുപോയിട്ടുണ്ടാകും. മണ്ണ് മൂല്യനിർണയം നടത്തിയതിന്റെ വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തുകയോ, മൂല്യനിർണയസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

7548.22 ഘനമീറ്റർ മണ്ണ്നഷ്ടപ്പെടാത്തവണ്ണം നീക്കം ചെയ്യണമെങ്കിൽ തന്നെ, അഞ്ചു ഘനമീറ്റർ വ്യാപ്തിയുള്ള വാഹനമാണെങ്കിൽ 1829 ലോഡ് വേണ്ടിവരുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുന്നതിന് ഉതകുമായിരുന്ന ഒരു ആസ്തിസന്ദർഭോചിതമായ നടപടികൾ സ്വീകരിക്കാത്തതുമൂലം നഷ്ടപ്പെട്ടുപോയി എന്നാണ് ഈ സംഭവം വ്യക്തമാക്കുന്നത്.

മേൽ സൂചിപ്പിച്ച തരത്തിലുള്ള അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23, 9/8/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 നിരോധിച്ച പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടിച്ചെടുത്തത്- ക്ലീൻ കേരള മിഷന് കൈമാറി വിവരമറിയിക്കേണ്ടതാണ്,ഫൈൻ ഈടാക്കിയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ പിറകിലുള്ള പൂർത്തീകരിക്കാത്ത പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോറിൽ ഡിസ്പോസിബിൾ ഗ്ലാസുകളുടെയും പ്ലേറ്റുകളുടെയും ധാരാളം ചാക്കുകൾ സൂക്ഷിച്ചിരിക്കുന്നത് സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.45, തീയതി.11/8/23ന് ലഭ്യമാക്കിയ മറുപടിയിൽ 8/6/23 ന് ഉച്ചക്ക് ശേഷം മൂന്നു മണി മുതൽ ഇന്റലിജൻസ് ഓഫീസറായ എം.എച്ച് ഷാജിക്കിന്റെ നേതൃത്വത്തിലുള്ള ഇന്റലിജൻസ് ടീം, ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പരിശോധനയുടെ ഭാഗമായി 2700 കി.ഗ്രാം അനധികൃത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും ആയത് എം.സി.എഫിൽ സീക്ഷിക്കാൻ സ്ഥലപരിമിതി ഉള്ളതിനാൽ പുതിയ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നിടത്ത് സൂക്ഷിച്ചിരിക്കുന്നു എന്നും അവ കൈമാറുന്നതിനായി ക്ലീൻ കേരള മിഷനെ സമീപിക്കുകയും അവർ നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉൽപന്നങ്ങൾ കൊണ്ടുപോകുമെന്ന് അറിയിച്ചതായും സൂചിപ്പിച്ചു. ഇവ ഏത് സ്ഥാപനത്തിൽനിന്നാണ് പിടിച്ചെടുത്തത്, അവരിൽ നിന്നും ഈടാക്കിയതായി സൂചിപ്പിച്ച 10000/ രൂപയുടെ രശീതി എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ക്ലീൻ കേരള മിഷന് കൈമാറി ആയതിന്റെ രശീതിയും നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് സാധനങ്ങൾ പിടിച്ചെടുത്തത് ഏത് സ്ഥാപനത്തിൽനിന്നാണോ എന്നതിന്റെ വിവരം, ഈടാക്കിയ 10000/ രൂപയുടെ രശീതി എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 കോൺഫറൻസ് ഹാളിലെ പ്ലാറ്റ്ഫോമിൽ പതിച്ച ടൈലുകൾ ഇളകുന്നത് -എത്രയും വേഗം തകരാർ പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ പ്ലാറ്റ്ഫോമിലേക്ക് കയറുമ്പോൾ ടൈലുകൾ ഇളകുന്നതായി ശ്രദ്ധയിൽപെട്ടു. വേണ്ട രീതിയിൽ പ്ലാസ്റ്ററിങ് നടത്താതെ ടൈൽ പതിച്ചതുമൂലമാണ് ഇപ്രകാരം

സംഭവിച്ചിരിക്കുന്നത്. ഇത് പ്രസ്തുത ടൈലുകൾ ഇളകിപ്പോകാനും അതിനോട് ചേർന്നുവരുന്ന ടൈലുകൾക്കുകൂടി കേടുപാടുകൾ വരുത്തിവെക്കുകയും ചെയ്യും. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.17, തീയതി9/8/23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തി 2016-17 വർഷം നടത്തിയതിനാൽ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് കഴിഞ്ഞുവെന്നും അപാകത പരിഹരിക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകത പരിഹരിച്ച് യഥാസയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രവൃത്തിനിർവഹണഘട്ടത്തിൽ സാധനസാമഗ്രകൾ ആവശ്യമായ ഗുണത്തിലും അളവിലും ഉപയോഗിക്കുന്നുണ്ടോ എന്നത് നിർവഹണാധികാരിയായ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധക്കേണ്ടതാണ്.

## 1-33 ഹരിത കർമ്മസേനയ്ക്ക് വാഹനം:245382/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ ഹരിത കർമ്മസേനയ്ക്ക് വാഹനം എന്ന പദ്ധതിയിൽ (211/23) വൗച്ചർ.നം.22201280/19.03.2023 പ്രകാരം 245382/- രൂപ മുടക്കി പ്രിസം ഇൻഡസ്ട്രീസ് ആന്റ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.INV/22-23-149/05.03.2023 പ്രകാരം ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിന് ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ വാഹനം നാളിതുവരെ ഉപയോഗിച്ചിട്ടില്ല. വാഹനം പഞ്ചായത്തിൽ എത്തിച്ചപ്പോൾ തന്നെ ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ മുൻപിൽ ഒരു വശത്തേക്ക് ചെരിഞ്ഞാണ് ഇരുന്നിരുന്നത് എന്നാണ് ഹരിതകർമ്മസേനക്കാർ അറിയിച്ചത്.
സാങ്കേതിക മേന്മയും വിശ്വാസ്യതയും തെളിയിക്കപ്പെടാത്ത ഒരു വാഹനമാണ് പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച് വിദഗ്ദാഭിപ്രായം തേടിയിരുന്നോ എന്ന് വ്യക്തമല്ല. വാഹനത്തിന് വാറണ്ടിയുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. അതിനാൽ വാഹനം ഉപയോഗക്ഷമമാകും വരെ വാഹനം വാങ്ങുന്നതിന് ചെലവഴിച്ച 245382 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം . 48 /11.08.2023

## 1-34 സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല

1)

| | |
|---|---|
| പ്രൊജക്റ്റ് നം | 280/22, 65/23 |
| പ്രവൃത്തി | സാഹിബ് പള്ളി ലിങ്ക് റോഡിൽ പള്ളിക്കുളത്തിന് സൈഡ് കെട്ടൽ |
| അടങ്കൽ, ഫണ്ട് | 2500000/<br>സി. എഫ്. സി. ഗ്രാന്റ് |
| കരാറുകാരൻ | കെ. ബി. സത്യൻ |
| കരാർ നമ്പർ | 15/AE/LID& EW/SNP/22-23/17/5/22 |
| അളവുപുസ്തകം നമ്പർ | 124/AE/LSGD/22-23 |
| ബിൽ സാങ്ഷൻ നം/ വൗച്ചർ നം, തുക | 548 തീയതി.28/3/23, വൗച്ചർ.22201365, തീയതി.29/3/23, 1363204/രൂപ |

2)

| | |
|---|---|
| പ്രൊജക്റ്റ് നം | 319/22, 273/23 |
| പ്രവൃത്തി | വിവിധ വാർഡുകളിൽ കാന നിർമ്മാണം |
| അടങ്കൽ, ഫണ്ട് | 2000000/ രൂപ റോഡിതര സംരക്ഷണഗ്രാന്റ് |
| കരാറുകാരൻ | കെ. ബി. സത്യൻ |
| കരാർ നമ്പർ | 33/AE/LSGD/SNP/21-22/29/1/22 |
| അളവുപുസ്തകം നമ്പർ | 389/20-21 |
| ബിൽ സാങ്ഷൻ നം. തുക | 627, തീയതി.27/3/22, 754059/<br>256/11/1/23, 645941/<br>263/12/1/23, 694291/ |

സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്താതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതും ഇപ്രകാരമുള്ള അപാകം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-35 തൊഴിലുറപ്പുപദ്ധതി-സിമന്റ്, ക്വാറി മക്ക് എന്നിവക്ക് ഉയർന്ന നിരക്ക്

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ നിർമാണപ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ സിമന്റ്, ക്വാറി മക്ക് ഫില്ലിങ് എന്നിവയ്ക്കുള്ള നിരക്ക് പ്രൈസ്, സോഫ്റ്റ് വെയർ, മാർക്കറ്റ് നിരക്ക് എന്നിവയെക്കാൾ വളരെ കൂടുതലാണെന്ന് കാണുന്നു. വിവരം ചുവടെ കൊടുക്കുന്നു.

1. തൊഴിലുറപ്പുപദ്ധതിയിലെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കോഡ് 0367 പ്രകാരം ഒരു ടൺ സിമന്റിന് 11520 രൂപ, 12352 രൂപ എന്നീ നിരക്കുകൾ കണ്ടു. ഇത് പ്രകാരം 50 കി.ഗ്രാം ഉള്ള ഒരു ചാക്ക് സിമന്റിന്റെ വില യഥാക്രമം 576 രൂപ, 617.60 രൂപ വരും. ഇതാണെങ്കിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം ഉയർന്ന നിരക്കുമാണ്.

തൊഴിലുറപ്പുപദ്ധതിയിലെ എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് കരാറുകാരെ പരമാവധി എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്താൻ പ്രേരിപ്പിക്കുന്ന ഒന്നാണ്. ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം സാധനസാമഗ്രികൾ വിതരണം ചെയ്യാൻ കരാറെടുത്ത സി. വി. സിദ്ധാർഥൻ രേഖപ്പെടുത്തിയത് എസ്റ്റിമേറ്റ് നിരക്കുപ്രകാരമുള്ള 11520 ടൺ ആണ്.

പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള സിമന്റിന്റെ വില താഴെ കൊടുക്കുന്നു.

| | |
|---|---|
| തൊഴിലുറപ്പുപദ്ധതി പ്രകാരം നിരക്ക് | 11520/ ടൺ |
| പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം സിമന്റ് വില | 5032.24/ടൺ |
| കൂട്ടുക, 5% ഓവർഹെഡ് ചാർജ് | 251.64 |
| ആകെ | 5283.88 |
| കൂട്ടുക, 10% കരാറുകാരന്റെ ലാഭം | 528.39 |
| ആകെ | 5812.27 |
| കൂട്ടുക, 35.59% കോസ്റ്റ് ഇൻഡക്സ് | 2068.59 |
| ആകെ സിമന്റ് നിരക്ക് | 7880.86 |

ഇതനുസരിച്ച് 50 കി. ഗ്രാം വരുന്ന ഒരു ചാക്ക് സിമന്റിന് 394/ രൂപ മാത്രമാണ് [7880.86/1000x50] വില വരുന്നത്. തൊഴിലുറപ്പുപദ്ധതി നിരക്കുപ്രകാരമുള്ള വിലയേക്കാൾ ഒരു ചാക്ക് സിമന്റിൽ 182 രൂപ [576-394] കുറവാണ് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം വരുന്നത്.

തൊഴിലുറപ്പുപദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 8/7/22 ലെ OMB/ALP/AW/20/22 നമ്പർ നടപടിക്രമമനുസരിച്ച് 50 ചാക്കിന് മുകളിൽ കരാറുകാർക്ക് സിമന്റിന്റെ മാർക്കറ്റ് വിലയും ഇറക്കുകൂലിയും മാത്രമേ നൽകേണ്ടതുള്ളൂ. തൊഴിലുറപ്പുപദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റിൽ കടത്തുകൂലി ഉൾപ്പെടുത്തിട്ടില്ല.

ഈ പദ്ധതിയുടെ ഭാഗമായി കോൺക്രീറ്റ് റോഡുകളും നടപ്പാതകളും നിർമിച്ചിട്ടുണ്ട്. ഇവിടെ വിവിധ അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിന് വേണ്ടി വന്ന സിമന്റ് 0.1700 ടൺ മുതൽ 0.3200 ടൺ വരെയാണ്. കരാറുകാരൻ ലഭ്യമാക്കിയ സിമന്റിന്റെ ബില്ലുമായി സിമന്റിന് തൊഴിലുറപ്പുപദ്ധതിപ്രകാരം നൽകിയ തുകയുടെ വിവരവും ഇതോടൊപ്പം കൊടുക്കുന്നുണ്ട്. പ്രവൃത്തികളുടെ അളവുപുസ്തകങ്ങളിലാണെങ്കിൽ ഉപയോഗിച്ച സാമഗ്രികളുടെ അളവ്, അവയ്ക്ക് അനുവദിച്ച തുക എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലതാനും.

1. മാമ്പിബസാസാർ ചിറയരിക്കൽ ദിനിൽകുമാറിന്റെ പരിസരം റോഡ് നിർമ്മാണം-അളവുപുസ്തകം, 291/MGNREGS/22-23

| | |
|---|---|
| കോട്ടപ്പുറം ശ്യാമ എജൻസീസിന്റെ ഇൻവോയ്സ് നമ്പർ 222, തീയതി.18/8/22 പ്രകാരം 60 ചാക്ക് സിമന്റിന്റെ വില | 21125.38 |
| ഒരു ചാക്ക് സിമന്റ് വില | 352.09 |
| ഒരു ടൺ സിമന്റ് വില, (352/50x1000) | 7041.79 രൂപ |

| കോൺക്രീറ്റ് ചെയ്ത അളവ് | ആവശ്യമായ സിമന്റ് 0.3200 ടൺ/ ഘ.മീ നിരക്കിൽ | തൊഴിലുറപ്പുപദ്ധതി പ്രകാരം 11520/ ടൺ നിരക്കിൽ | മാർക്കറ്റ് നിരക്ക പ്രകാരമുള്ള തുക (7041.79/ടൺ) | വ്യത്യാസം |
|---|---|---|---|---|
| 1:2:4 അനുപാതത്തിൽ 5.78 ഘ.മീറ്റർ | 1.8946 ടൺ | 21825.79 | 13341.37 | 8484.33 |

2)വാർഡ് 19 പുത്തൻകാട്ടിൽ അശോകൻ പരിസരം റോഡ് നിർമാണം-അളവുപുസ്തകം 2134/MGNREGS/22-23

| | |
|---|---|
| പുത്തൻവേലിക്കരയിലുള്ള കൈതാരൻ ട്രേഡേഴ്സിന്റെ ഇൻവോയ്സ് നമ്പർ AO2148, തീയതി.8/12/22 പ്രകാരം 150 ചാക്ക് സിമന്റ് വില | 58500.48 |
| ഒരു ചാക്ക് സിമന്റ് വില | 390/ |
| ഒരു ടൺ സിമന്റ് വില (390/50x1000) | 7800/ |

| | | | | |
|---|---|---|---|---|
| 1:2;4 അനുപാതത്തിൽ 15.11 ഘ. മീറ്റർ | 4.8352 ടൺ | 55701.50 | 37714.56 | 17986.94 |

3. നെൽപിണി പ്രദേശത്തെ നടപ്പാത നിർമാണം-അളവുപുസ്തകം 241/MGNREGS/22-23

| | |
|---|---|
| കൈതാരൻ ട്രഡേഴ്സിന്റെ ഇൻവോയ്സ് നമ്പർ. A02883, തീയതി.21/2/23 ലെ ഇൻവോയ്സ് നമ്പർ പ്രകാരം 240 ചാക്ക് ലിമന്റ് വില | 93840/- |
| ഒരു ചാക്ക് സിമന്റ് വില | 391/ |
| ഒരു ടൺ സിമന്റ് വില (391/50x1000) | 7820 |

| | | | | |
|---|---|---|---|---|
| 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 32.76 ഘ. മീറ്റർ | 10.4832 ടൺ | 120766.46 | 81978.62 | 38787.84/ |

4. വാർഡ് 18 താണിയംബസാർ പരിസരത്തെ നടപ്പാത നിർമാണം-അളവുപസ്തകം , 283/MGNREGS/22-23

| | |
|---|---|
| കൈതാരൻ ട്രേഡേഴ്സിന്റെ A02882/21/2/23 നമ്പർ ഇൻവോയ്സ് പ്രകാരം 165 ചാക്ക് സിമന്റ് വില | 64744/ |
| ഒരു ചാക്ക് സിമന്റ് വില | 392.39 |
| ഒരു ടൺ സിമന്റ് വില (392.39/50x1000) | 7847.80 |

| | | | | |
|---|---|---|---|---|
| 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 3.1 ഘ. മീ. | 0.992 ടൺ | 11427.84 | 7784.22 | 3643.62 |

5. വാർഡ് 8 ശാന്തിപുരം പ്രദേശത്തെ റോഡ് നിർമാണം-അളവുപുസ്തകം, 136/MGNREGS/22-23

| | |
|---|---|
| കാവിൽകടവ് സിമന്റ് ഹൗസിന്റെ CH-2022-414/6/9/22 നമ്പർ ഇൻവോയ്സ് പ്രകാരം 32 ചാക്ക് സിമന്റ് വില | 11583/ |
| ഒരു ചാക്ക് സിമന്റ് വില | 361.97 |
| ഒരു ടൺ സിമന്റ് വില (361.97/50x1000) | 7239.40 |

| | | | | |
|---|---|---|---|---|
| 1:2:4 ആനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 2.8 ഘ.മീ | 0.9216 ടൺ | 10616.83 | 6671.83 | 3945/ |

6. വാർഡ് 1 വേക്കോട് നടപ്പാത നിർമാണം

| | |
|---|---|
| കൊടുങ്ങല്ലൂർ പുത്തൻകാട്ടിൽ ട്രേഡേഴ്സിന്റെ 153/13/12/22 നമ്പർ ഇൻവോയ്സ് പ്രകാരം 14 ചാക്ക സിമന്റ് വില | 5530/ |
| ഒരു ചാക്ക് സിമന്റ് വില | 395 |
| ഒരു ടൺ സിമന്റ് വില (395/50x1000) | 7900/ |

| | | | | |
|---|---|---|---|---|
| 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 1.4 ഘ. മീ | 0.448 ടൺ | 5160.96 | 3539.20 | 1621.76 |

7. വാർഡ് 15 പത്താഴക്കാട് പ്രദേശത്തെ നെൽപൊഴിക്കുന്ന് റോഡ് നിർമാണം

അളവുപുസ്തകം 170/MGNREGS/22-23

| | |
|---|---|
| കൊടുങ്ങല്ലൂർ പുത്തൻകാട്ടിൽ ട്രേഡേഴ്സിന്റെ ഇൻവോയ്സ് നമ്പർ 150/5/4/22 പ്രകാരം 28 ചാക്ക് സിമന്റ് വില | 12624/ |
| ഒരു ചാക്ക് സിമന്റ് വില | 450.86 |
| ഒരു ടൺ സിമന്റ് വില (450.86/50x1000) | 9017.20 |

| | | | | |
|---|---|---|---|---|
| 1:2:4 അനുപാതത്തിൽ 3.2 ഘ.മീ. സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് | 1.024 ടൺ | 11796.48 | 9233.61 | 2562.87 |

8. നെൽപിണി പ്രദേശത്തെ ചാണാടി അമ്പലം പടിഞ്ഞാറ് വശം റോഡ് നിർമാണം-അളവുപുസ്തകം , 291/MGNREGS/22-23

| | |
|---|---|
| കോട്ടപ്പുറം കൈതാരൻ ട്രേഡേഴ്സിന്റെ A)882/21/2/23 നമ്പർ ഇൻവോയ്സ് പ്രകാരം 165 ചാക്ക് സിമന്റ് വില | 64744/ |
| ഒരു ചാക്ക് സിമന്റ് വില | 392.39 |
| ഒരു ടൺ സിമന്റ് വില (392/50x1000) | 7847.80 |

| | | | | |
|---|---|---|---|---|
| 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 24.36 ഘ. മീ. | 7.7952 ടൺ | 89800.70 | 61175.17 | 28625.53 |
| 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 1.4 ഘ. മീ. 0.1700 ടൺ | 0.238 | 2741.76 | 1867.77 | 873.99 |
| 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 1.4 ഘ. മീ. | 0.448 ടൺ | 5160.96 | 3515.81 | 1645.15 |
| 1:3/2:3 | 0.700 | 8064 | 5493.46 | 2570.54 |

| | | | | |
|---|---|---|---|---|
| അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിങ് നടത്തിയ അളവ് 1.75 ഘ. മീ. | ടൺ | | | |
| ആകെ | | | | 33715.21 രൂപ |

1 മുതൽ 8 വരെയുള്ള പ്രവൃത്തികളിൽ നടത്തിയ അധിക ചെലവ് – 110747.51 രൂപ

2. ക്വാറി മക്ക് ഫില്ലിങ്

ഈ ഇനത്തിന് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ള നിരക്ക് 933.33 ആണ്. എന്നാൽ തൊഴിലുറപ്പുപദ്ധതിയിലെ വിവിധ പ്രവൃത്തികളിൽ ഇതിന് 1514.575/ഘ. മീ, 1666.275/ഘ. മീ. എന്നീ നിരക്കുകളിൽ നൽകിയതുമൂലം യഥാക്രമം 581.25 ഘ. മീ., 732.95/ഘ. മീ. രൂപയുടെയും വർദ്ധന ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തി, അളവുപുസ്തകം | നൽകിയ നിരക്ക് | ഒരു ഘന മീറ്ററിന് നിരക്കുവ്യത്യാസം | ചെയ്ത അളവ് | അധികതുക |
|---|---|---|---|---|---|
| 1 | മാമ്പിബസാർ ചിറയരിക്കൽ ദിനിൽകുമാർ പരിസരം നടപ്പാത നിർമാണം, | 1514.575 | 581.25 | 38.846 ഘ.മീ | 22579.23/ |
| 2 | വേക്കോട് നടപ്പാത നിർമാണം | 1666.275 | 732.95 | 15.354 ഘ.മീ | 11253.14 |
| 3 | പത്താഴക്കാട് പ്രദേശത്തെ നെൽപൊഴീകകുന്നത്ത് റോഡ് | ,, | ,, | 36 ഘ.മീ | 26386.20 |
| 4 | 128 അങ്കണവാടി പരിസരത്ത് റോഡ് നിർമാണം | ,, | ,, | 32.67ഘ.മീ | 23945.48 |
| 5 | പുത്തൻകാട്ടിൽ അശോകൻ പരിസരം റോഡ് നിർമാണം | ,, | ,, | 20.14 ഘ.മീ | 14761.61 |
| 6 | വാർഡ് 16 നെൽപിണി പ്രദേശത്ത് റോഡ് നിർമാണം | ,, | ,, | 15.17 ഘ.മീ | 11118.85 |
| 7 | ശാന്തിപുരം പ്രദേശത്ത് റോഡ് നിർമാണം | ,, | ,, | 30.96 ഘ.മീ | 22692.13 |
| 8 | താണിയം ബസാർ പരിസരം റോഡ് നിർമാണം | .. | ,, | 51.15 ഘ.മീ | 37490.39 |
| 9 | നെൽപിണി പ്രദേശത്ത് ചാണാടി അമ്പലം പടിഞ്ഞാറ് റോഡ് നിർമാണം | ,, | ,, | 32.48 ഘ.മീ | 23806.22 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 194033.25 |

ഇപ്രകാരം ഉയർന്ന നിരക്ക് നൽകുന്നതുമൂലം കരാറുകാർക്ക് വലിയ ലാഭം ഉണ്ടാകുന്നുണ്ട്. സാമ്പത്തികവർഷം കരാറെടുത്ത സി. വി. സിദ്ധാർഥൻ എസ്റ്റിമേറ്റ് നിരക്കിലാണ് ടെൻഡർ എടുത്തത്. 2.5 മീറ്റർ വീതിയുള്ള ഒരു നടപ്പാത തൊഴിലുറപ്പുപദ്ധതി പ്രകാരം നിർമിക്കുകയാണെങ്കിൽ ഒരു മീറ്റർ നീളത്തിൽ പ്രവ്യത്തി ചെയ്യാൻ 3333 രൂപ വേണ്ടിവരും അങ്ങിനെ വരുമ്പോൾ മേൽ പ്രകാരമുള്ള അധികതുക ഉപയോഗിച്ച് 58 മീറ്റർ നടപ്പാത നിർമിക്കാം.

ഇപ്രകാരം ഈ പദ്ധതിയിൽ അധികതുക ചെലവഴിക്കാനിടവരുന്നത് എത്രയും വേഗം തൊഴിലുറപ്പുമിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അപ്രകാരം ചെയ്യുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നമ്പർ 19/9.8.2023)

1-36 മസ്റ്റർ റോളിൽ ഒപ്പ് / വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളികളുടെ വേതനം കൈപ്പറ്റി

സർക്കുലർ നം.73945/ഡി.ഡി.2/2010/തസ്വഭവ/ തിയതി 07.01.2011 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ നിർവ്വഹണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ ഖണ്ഡിക 3 പ്രകാരം മസ്റ്റർ റോൾ സൂക്ഷിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

1. 2011-12 വർഷം മുതൽ ഇ-മസ്റ്റർ റോൾ മാത്രമേ ഉപയോഗിക്കേണ്ടതുള്ളൂ. ഇതിൽ വെട്ടിത്തിരുത്തലുകൾ പാടില്ല. തിരുത്തലുകൾ വേണ്ടി വന്നാൽ മേറ്റ് ചുവന്ന മഷി ഉപയോഗിച്ച് തിരുത്തൽ വരുത്തി അതിന് താഴെ കയ്യൊപ്പ് വെയ്ക്കേണ്ടതാണ്. ഇത് ഫീൽഡ് തല ഉദ്യോഗസ്ഥൻമാർ പരിശോധിച്ച ബോധ്യപ്പെടണം.

2. മസ്റ്റർ റോളിൽ 'X' ചിഹ്നം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. തൊഴിലാളിയുടെ ഒപ്പ്/ചുരുക്കിയ ഒപ്പ് രേഖപ്പെടുത്തണം. അപ്രകാരമല്ലാത്ത മസ്റ്റർ റോളുകളിൽ വേതന വിതരണം അനുവദനീയമല്ല.

3. മസ്റ്റർ റോൾ ആറാം ദിവസം ക്ലോസ് ചെയ്ത് തൊട്ടടുത്ത പ്രവ്യത്തി ദിവസം പഞ്ചായത്തിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ അടുത്ത് എത്തിക്കേണ്ട ചുമതല മേയ്റ്റിന്റേതാണ്. എന്നാൽ താഴെ സൂചിപ്പിക്കുന്ന പ്രവ്യത്തികളിൽ മസ്റ്റർ റോളുകളിൽ ഒപ്പ് / വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളിവേതനം അനുവദിച്ചതായി കണ്ടു

15529 നമ്പർ മസ്റ്റർ റോളിന് 0121TPAYRWQ21032023161094 തീയ്യതി 21/03/23 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവും 14503 നമ്പർ മസ്റ്റർ റോളിന് 012EATPAYREQ1403202316421 തീയ്യതി.14/03/23 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവും 14834, 15495, 15803 എന്നീ മസ്റ്റർ റോളുകൾക്ക് 012EATPAY2103202361094തീയ്യതി 21/03/23 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവും 8093 നമ്പർ മസ്റ്റർ റോളിന് 9121EATPAYREQ141220221661 തീയ്യതി 14/12/22 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവുമാണ് വേതനം അനുവദിച്ചത് .

| ക്രമ നം. | പ്രവ്യത്തി | മസ്റ്റർ റോൾ നമ്പർ / തീയ്യതി | അളവുപുസ്തകം | വേതനം കൈപ്പറ്റിയ ആളുകളുടെ പേര് | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | നെൽപിണി പ്രദേശത്തെ റോഡ് നിർമാണം | 15529/22 /2/3-28/2/23 | 291/MGNREGS /22-23 | യദുകൃഷ്ണൻ ജോഷി രാധാകൃഷ്ണൻ മുകുന്ദൻ സിദ്ധാർഥൻ . സി. വി. | 7280/ 6160/ 7280/ 5460/ 5200/ | ആകെ 31380/ വേജ് ലിസ്റ്റ് 20/3/23 |

| | | | | | | |
|---|---|---|---|---|---|---|
| 2 | വാർഡ് 18 താണിയംബസാർ പരിസരത്ത് നടപ്പാത നിർമാണം | 14503/6 /2/23-11/2/23 14834/12 /2/23-19/2/23 15495/22 /2/23-28/2/23 15803/1 /3/23-7/3/23 | 283/„ „ „ „ | രാധാകൃഷ്ണൻ അലി അബ്ദുള്ള മുകുന്ദൻ യദുകൃഷ്ണൻ അലി സിദ്ധാർഥൻ. സി. വി. അലി ബാബു ബാബു രാധാകൃഷ്ഷൻ | 2200/ 2200' 1760/ 1760/ 8320/ 6240/ 3520/ 5200/ 6240/ 2020/ 1010/ | ആകെ 7920വേജ് ലിസ്റ്റ് 14/3/23 ആകെ 18080/വേജ് ലിസ്റ്റ് 20/3/23 ആകെ 11440/ വേജ് ലിസ്റ്റ 20/3/23 ആകെ 3030/, വേജ് ലിസ്റ്റ് 20/3/23 |
| 3 | വാർഡ് 15 പത്താഴക്കാട് പ്രദേശത്തെ ഗ്രാമീണറോഡ് നിർമാണം | 8093/24 /10/22-30 /10/22 | 170/„/„ | അബ്ദുള്ള സിദ്ധാർഥൻ | 4680/ 3140/- | ആകെ 7820 വേജ് ലിസ്റ്റ് 23/11/22 |
| | ഒപ്പ്/ വിരലയാളം കൈപ്പറ്റാതെ മൊത്തം കൈപ്പറ്റിയ തുക | | | | | 79670/ |

മേൽപ്രകാരം വേതനം കൈപ്പറ്റിയവരിൽ സാധനസാമഗ്രികൾ വിതരണം ചെയ്ത കരാറുകാരനായ സി. വി. സിദ്ധാർഥൻ, ടിയാന്റെ മകൻ യദുകൃഷ്ണൻ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. വേതനം കൈപ്പറ്റിയ മുഴുവൻ പേർക്കും മതിയായ തൊഴിൽ പരിജ്ഞാനം ഉണ്ടോ എന്നതുകൂടി വ്യക്തമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതയുമായി ബന്ധപ്പെട്ട് നൽകിയ 20/8/8/23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറ്റൻഡൻസ് X ആയി രേഖപ്പെടുത്തിയിട്ടുണ്ട്, അപാകത ഭാവിയിൽ ആവർത്തിക്കില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ മസ്റ്റർ റോളിൽ 'X' ചിഹ്നം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. ക്രമവിരുദ്ധമായി നൽകിയ തൊഴിലുറപ്പുവേതനം, 79670 രൂപ ആയതു കൈപ്പറ്റിയവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രവൃത്തികളുടെ കുറ്റമറ്റരീതിയിലുള്ള നിർവഹണത്തിന് താഴെ സൂചിപ്പിക്കുന്ന മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. വിജിലൻസ് മോണിറ്ററിങ് സംവിധാനം ശക്തമാക്കേണ്ടതാണ്.

2. പ്രവൃത്തിയെടുക്കുന്നവർ മസ്റ്റർറോളിൽ ഒപ്പിട്ടുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. ഒപ്പ് രേഖപ്പെടുത്തിയവർ പ്രവൃത്തിസമയം കഴിയാതെ പ്രവൃത്തിസ്ഥലം വിട്ടുപോകില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

4. വിദഗ്ധത്തൊഴിലാളിയായി ഒപ്പ് രേഖപ്പെടുത്തുന്നവർ ചെയ്യുന്ന പ്രവൃത്തിയിൽ മതിയായ പരിജ്ഞാനം ഉള്ളവരെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 20/09.08.2023)

1-37 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം / പേര് | 153/23, കോക്ലിയർ ഇംപ്ലാന്റേഷൻ |
| അടങ്കൽ | 100000/- , വികസന ഫണ്ട്, ജനറൽ |
| ചെലവ് | 100000/- |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/തിയ്യതി, തുക | 154/17.12.22, 100000/- |
| ഓഡിറ്റ് എൻക്വയറി നം./തിയ്യതി | 43/11.08.23 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി ഒരു കുട്ടിക്ക് 50000രൂപ നിരക്കിൽ അതുൽ കൃഷ്ണ.കെ.യു, നെഹ്‌ല യൂസഫ് എന്നീ രണ്ട് കുട്ടികൾക്ക് വേണ്ടി 100000 രൂപ കേരള സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുണ്ട്. ആയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-38 പ്രോജക്ട് അടങ്കലിനേക്കാൾ അധികമായി ചെലവഴിച്ച തുക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം / പേര് | 146/23, വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | 643329/- , വികസന ഫണ്ട്, ജനറൽ |
| ചെലവ് | 643329/- |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/തിയ്യതി, തുക | 408/22.2.23-533329/-<br>519/18.3.23-108704/-<br>539/24.3.23-1296/- |
| ഓഡിറ്റ് എൻക്വയറി നം./തിയ്യതി | 43/11.08.23 |

മേൽ പ്രോജക്ടിന്റെ അടങ്കൽ ആദ്യം 548100 രൂപ ആയിരുന്നു. ഇതിന്റെ ഭാഗമായി വയോജനങ്ങളായ 157പേർക്ക് 3397/-രൂപ നിരക്കിൽ ജെമ്മിൽ നിന്നും (കീർത്തി മാർക്കറ്റിംഗ്-L1) 533329 രൂപക്ക് കട്ടിൽ വാങ്ങിച്ചു (ബിൽ നം. F 462, തീയതി.8.2.23). പിന്നീട് 2.3.23ലെ കമ്മിറ്റി തീരുമാനം നമ്പർ 2/2 പ്രകാരം ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉള്ളതിനാലും ജെമ്മിൽ ഇനി ടെണ്ടർ ചെയ്യാൻ സമയം ഇല്ലാത്തതിനാലും സമയബന്ധിതമായി പദ്ധതി തുക ചെലവഴിക്കേണ്ടതിനാലും അടങ്കൽ ഉയർത്തി ഭേദഗതി ചെയ്ത് ഇതേ പ്രോജക്ട് പ്രകാരം നിലവിൽ വാങ്ങിയവരിൽ നിന്നും അതേ നിരക്കിൽ വാങ്ങാൻ തീരുമാനിച്ചു. ഇത് പ്രകാരം ആദ്യം 32 കട്ടിൽ വാങ്ങിക്കാൻ തീരുമാനിച്ചു. തുടർന്ന് 1296/-രൂപ കൂടി അടങ്കൽ തുകയിൽ ബാക്കി ഉള്ളതിനാൽ ഒരു കട്ടിൽ കൂടി വാങ്ങിക്കാനും എന്നാൽ ഇതിന് പ്രോജക്ട് അടങ്കലിനേക്കാൾ 2101/- രൂപ കൂടുതൽ ചെലവ് വരുമെന്നതിനാൽ ആയത് തനത്ഫണ്ടിൽ നിന്നും ചെലവഴിക്കാനും 22.3.23ലെ 4/1ാം നമ്പർ പ്രകാരം കമ്മിറ്റി തീരുമാനിച്ചു. 33 കട്ടിലിന്റെ ബിൽ തുകയായ 112101/-രൂപയിൽ (ബിൽ നം. F 568 , 27.3.23) പ്രോജക്ട് അടങ്കലിനേക്കാൾ അധികം വന്ന 2101/- രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസർ കയ്യാൽ നൽകുകയാണ് ചെയ്തിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം പ്രോജക്ട് റിവൈസ് ചെയ്യുകയോ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് അടങ്കലിനേക്കാൾ അധികമായി ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല.

## 1-39 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ

പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2023 ജനവരി മുതൽ മാർച്ച് വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 1/2023 തീ: 3.1.23 മുതൽ 51/23 തീ: 8.3.23 വരെയുള്ള സട്ടിഫിക്കറ്റുകൾ) വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര്/ പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെവിവരം | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| | | | | | | കാലയളവ് | തുക | |
| 1 | രാജൻ.പി.ആർ 2220277963 | ക്ഷേമനിധി | 9.12.22 | 1/23, 3.1.23 | ആക്ടീവ് | 1/23-4/23 | 1600*4 | 6400 |
| 2 | തേജാവതി 107890202234 | വാർധക്യം | 8.12.22 | 2/23, 3.1.23 | ആക്ടീവ് | 1/23-2/23 | 1600*2 | 3200 |
| 3 | കൊച്ചാമി 107890203843 | വാർധക്യം | 10.1.23 | 20/23 30.1.23 | ആക്ടീവ് | 2/23-4/23 | 1600*3 | 4800 |
| ആകെ അധികം നൽകിയ തുക | | | | | | | | 14400 |

മേൽ പറഞ്ഞ അപാകങ്ങൾക്കും മരണ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡുകളെ അറിയിക്കാതിരുന്നതിനുമുള്ള കാരണം ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.47/11.08.2023). കൂടാതെ തൻവർഷം മരണമടഞ്ഞ മുഴുവൻ ഗുണഭോക്താക്കളുടേയും വിശദാംശങ്ങൾ പരിശോധിച്ച് അധികം നൽകിയ തുക മേൽപ്രകാരം തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റ് | S0019/2023<br>പനങ്ങാട് ഹോമിയോ ഡിസ്പെൻസറിയിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ<br>ചെലവ് | 3,50,000/-<br>3,50,000/- |
| തുക, വൗച്ചർ നം, തീയതി | 3,00,000/- (42201279/04.10.2022)<br>50,000/- (42201347/21.12.2022) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്<br>പൊതുവിഭാഗം - സാധാരണ വിഹിതം |

മേൽ വൗച്ചറുകൾ പ്രകാരം 3,50,000 രൂപ മരുന്നുകൾ വാങ്ങുന്നതിനായി, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ്ഫാർമസിക്ക് (ഹോംകോ) കൈമാറിയിട്ടുള്ളതാണ് എന്നാൽ നാളിതുവരെയായി 128947/- രൂപയുടെ

രൂപയുടെ മരുന്ന് മാത്രമാണ് ഹോംകോയിൽ നിന്നും ലഭിച്ചിട്ടുള്ളത് (ഇൻവോയ്സ് നം.LF525/13.07.2023). 2,21,053/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. കരാർ വ്യവസ്ഥ പ്രകാരം സപ്ലൈ ഓർഡർ ലഭിച്ച് ഒൻപത് മാസത്തിനകം മരുന്നുകൾ വിതരണം നടത്താൻ ഹോംകോ ബാദ്ധ്യസ്ഥരാണ്. ലഭ്യമാക്കാനുള്ള ബാക്കി തുകയുടെ മരുന്നുകൾ എത്രയും വേഗം എത്തിക്കുന്നതിനായി സ്ഥാപനത്തോട് ആവശ്യപ്പെടുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.15/10.08.2023). മരുന്ന് ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 HMC കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ(സാധാ)നം.3379/2004/എച്ച്.എഫ്.ഡബ്ളിയു.ഡി തി.3-12-2004 എന്നിവയ്ക്കു വിധേയമായി ആരോഗ്യ സ്ഥാപനങ്ങളിൽ (പിഎച്ച്സി,ഹോമിയോ,ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ച തീയതി, ഏത് വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് നൽകി എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13/08.08.2023) ഹോമിയോ ഡിസ്പെൻസറി 2022-23 വരെയുള്ള കണക്കുകൾ സമർപ്പിച്ചതായും, ശാന്തിപുരം ഗവ.ആയുർവേദ ആശുപത്രി എച്ച്.എം.സി യുടെ 2019-20 സാമ്പത്തികവർഷം വരെയുള്ള ഓഡിറ്റ് കഴിഞ്ഞതാണെന്നും, തുടർവർഷങ്ങളിലെ കണക്കുകൾ ഉടനെ ഹാജരാക്കുന്നതാണെന്നും, വെമ്പല്ലൂർ എഫ്.എച്ച്.സി യുടെ 2019-20 സാമ്പത്തികവർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയതാണെന്നും അടുത്ത വർഷങ്ങളിലെ കണക്കുകൾ ഉടനെ ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വാർഷികകണക്കുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

## 1-42 മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | S0016/23 |
| പ്രൊജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ അടങ്കൽ | 11,00,000/-<br>വികസന ഫണ്ട് – 5,00,000/-<br>ബ്ലോക്ക് പഞ്ചായത്ത് - 3,00,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -3,00,000/- |

പ്രസ്തുത പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിന് ചുവടെ പറയും പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക | വൗച്ചർ നം. | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 200000/- | 42201302 / 17.11.22 | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 2 | 225120/- | 42201303 /18.11.22 | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

ആകെ 425120/- രൂപ കൈമാറിയതിൽ നാളിതുവരെ 266134/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇനിയും 158986/- രൂപയുടെ മരുന്ന് ലഭിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ

ലഭ്യമാക്കുവാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.36/11.08.2023) മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ നെ ടെലഫോൺ മുഖേനയും,രേഖാമൂലവും അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-43 അഗതിരഹിത കേരളം പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

അഗതിരഹിത കേരളം പദ്ധതിയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| Sl.no. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുശീല | 200000 |

ഓഡിറ്റ് എൻക്വയറി നം . 49 /11.08.2023

## 1-44 എസ്.സി കോളനിയിലേയ്ക്ക് സോളാർ ഊർജ്ജം പദ്ധതി:വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയിൽ (നം.294/23) വൗച്ചർ നം.42201605/28.03.2023 പ്രകാരം 557409/- രൂപ ANERT ന് കൈമാറിയിട്ടുണ്ട്. എഗ്രിമെന്റ് നം.13/23.03.2023 പ്രകാരം 6 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കണം എന്നാണ് വ്യവസ്ഥ. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 50 /11.08.2023

## 1-45 വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.വെമ്പല്ലൂർ (സർക്കിൾ) നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിൽ 75000/-രൂപ കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 51 /11.08.2023)

| | പദ്ധതി | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | വീട് വാസയോഗ്യമാക്കൽ പദ്ധതി,144/23 | കല്ല്യാണി കുന്നത്ത് | 37500/- |
| | | നാരായണി തറയിൽ | 37500/- |
| | | അമ്മിണി പനങ്ങാട് | 37500/-- |
| | | ശാരദ കറുത്തവീട്ടിൽ | 37500/- |

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കാൻ പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-46 വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.പനങ്ങാട്(സർക്കിൾ) നടപ്പിലാക്കിയ ടോയ്‌ലറ്റ് പദ്ധതിൽ 15400/-രൂപ കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം

താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 52 /11.08.2023)

| | പദ്ധതി | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ടോയ്‌ലറ്റ് പദ്ധതി,137/23 | സനസുനിൽ | 7400/- |
| | | സുശീല | 3400/- |
| | | പ്രേമലത | 3400/- |
| | | ഷൈലജ | 3400/- |
| | | ജലീൽ | 3400/- |

ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-47 പ്രധാന അദ്ധ്യാപിക നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ

പ്രധാന അദ്ധ്യാപിക നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ അവയ്ക്ക് നേരേ കാണിച്ചിരിക്കുന്ന അപാകതകൾ കാണുന്നു. (ഓഡിറ്റ് എൻക്വയറി നം. 53 /11.08.2023)

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|
| 1 | സർക്കാർ സ്കൂളിലേയ്ക്ക് ഫർണീച്ചർ, 194/23 | 42201478/16.02.23<br>42201567/17.03.2023 | 333194/-<br>1806/- | ARTCO Ltd. ൽ നിന്നും ഫർണീച്ചർ വാങ്ങിയതിനാണ് തുക നൽകിയിരിക്കുന്നത്. 2% GST TDS ആയി ഈടാക്കാതെയാണ് തുക നൽകിയിരിക്കുന്നത്. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |
| | സമേതം വിഹിതം നൽകൽ,221/23 | 42212585/28.03.2023 | 99383/- | ജില്ലാപഞ്ചായത്തിന് തുക നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

മുകളിൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-48 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഐ കെ എം നം സംസ്ഥാന വൈദ്യുതി ബോർഡിന്റെ കൊടുങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷനും തുക കൈമാറിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. എന്നാൽ പ്രൊജക്ട് പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം . 48 /11.08.2023)

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | തുക നൽകപ്പെട്ട സ്ഥാപനം |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം | 42201539/15.03.2023 | 45343/- | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ |

| | | | | |
|---|---|---|---|---|
| | നൽകൽ,14/23 | 42201282/14.10.2022 | 108015 | കെ എം, തിരുവനന്തപുരം |
| 2 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ സ്ഥാപിക്കൽ,199/23 | 22200989/10.01.2023 | 284120/- | കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ, കൊടുങ്ങല്ലൂർ |

പദ്ധതി പൂർത്തിയാക്കിയതിനൊപ്പം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളികളുടെ വേതനം കൈപ്പറ്റി

സർക്കുലർ നം.73945/ഡി.ഡി.2/2010/തസ്വഭവ/ തിയതി 07.01.2011 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ നിർവ്വഹണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ ഖണ്ഡിക 3 പ്രകാരം മസ്റ്റർ റോൾ സൂക്ഷിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

1. 2011-12 വർഷം മുതൽ ഇ-മസ്റ്റർ റോൾ മാത്രമേ ഉപയോഗിക്കേണ്ടതുള്ളൂ. ഇതിൽ വെട്ടിത്തിരുത്തലുകൾ പാടില്ല. തിരുത്തലുകൾ വേണ്ടി വന്നാൽ മേറ്റ് ചുവന്ന മഷി ഉപയോഗിച്ച് തിരുത്തൽ വരുത്തി അതിന് താഴെ കയ്യൊപ്പ് വെയ്ക്കേണ്ടതാണ്. ഇത് ഫീൽഡ് തല ഉദ്യോഗസ്ഥൻമാർ പരിശോധിച്ച ബോധ്യപ്പെടണം.
2. മസ്റ്റർ റോളിൽ 'X' ചിഹ്നം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. തൊഴിലാളിയുടെ ഒപ്പ്/ചുരുക്കിയ ഒപ്പ് രേഖപ്പെടുത്തണം. അപ്രകാരമല്ലാത്ത മസ്റ്റർ റോളുകളിൽ വേതന വിതരണം അനുവദനീയമല്ല.
3. മസ്റ്റർ റോൾ ആറാം ദിവസം ക്ലോസ് ചെയ്ത് തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ അടുത്ത് എത്തിക്കേണ്ട ചുമതല മേയ്റ്റിന്റേതാണ്. എന്നാൽ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ മസ്റ്റർ റോളുകളിൽ ഒപ്പ് / വിരലടയാളം രേഖപ്പെടുത്താതെ വിദഗ്ധത്തൊഴിലാളിവേതനം അനുവദിച്ചതായി കണ്ടു

15529 നമ്പർ മസ്റ്റർ റോളിന് 0121TPAYRWQ21032023161094 തീയ്യതി 21/03/23 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവും 14503 നമ്പർ മസ്റ്റർ റോളിന് 012EATPAYREQ1403202316421 തീയ്യതി.14/03/23 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവും 14834, 15495, 15803 എന്നീ മസ്റ്റർ റോളുകൾക്ക് 012EATPAY2103202361094തീയ്യതി 21/03/23 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവും 8093 നമ്പർ മസ്റ്റർ റോളിന് 9121EATPAYREQ141220221661 തീയ്യതി 14/12/22 പ്രകാരമുള്ള ഫണ്ട് ട്രാൻഫറിങ് ഓർഡർ പ്രകാരവുമാണ് വേതനം അനുവദിച്ചത് .

| ക്രമ നം. | പ്രവൃത്തി | മസ്റ്റർ റോൾ നമ്പർ / തീയ്യതി | അളവുപുസ്തകം | വേതനം കൈപ്പറ്റിയ ആളുകളുടെ പേര് | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | നെൽപിണി പ്രദേശത്തെ റോഡ് നിർമാണം | 15529/22 /2/3-28/2/23 | 291/MGNREGS /22-23 | യദുകൃഷ്ണൻ<br>ജോഷി<br>രാധാകൃഷ്ണൻ | 7280/<br>6160/<br>7280/ | ആകെ 31380/ വേജ് ലിസ്റ്റ് 20/3/23 |

| | | | | | | |
|---|---|---|---|---|---|---|
| | | | | മുകുന്ദൻ<br>സിദ്ധാർഥൻ<br>സി. വി. | 5460/<br>5200/ | |
